ESTD-1968

# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 ജൂൺ 26 | ദീപം 58 | നാളം 16 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org



# സമാധാനം തേടുന്ന വർത്തമാനകാല നിലവിളികൾ



അനിൽ ജെ. തയ്യിൽ

"സമാധാനം എന്നാൽ സംഘർഷം ഇല്ലായ്മയല്ല, മറിച്ച് സംഘർഷത്തെ സമാധാനപരമായി കൈകാര്യം ചെയ്യുന്നതാണ്." - റൊണാൾഡ് റെയ്ഗൻ.

കാരണങ്ങൾ എന്തൊക്കെയാണെങ്കിലും, ന്യായാന്യായങ്ങളുടെ തർക്കങ്ങൾ ഏറെയുണ്ടാവാമെങ്കിലും യുദ്ധമില്ലാത്ത ആകാശവും ആയുധയാനങ്ങളില്ലാത്ത സമുദ്രവും തന്നെയാണ് മനുഷ്യന്റെ സ്വപ്നം. പക്ഷേ, വർത്തമാനകാലം നിലവിളികളുടെ കാലഘട്ടമായി മാറുകയാണ്. അങ്ങനെ ലോകം ഭയപ്പാടോടെ കാത്തിരുന്ന ആ കാര്യം സംഭവിച്ചു. ജൂൺ 13 രാത്രി 3:00 മണിക്ക് ഇസ്രായേൽ ഇറാനുമേൽ കനത്ത വ്യോമാക്രമണം നടത്തിയിരിക്കുന്നു. ഓപ്പറേഷൻ റൈസിങ് ലയൺ എന്നു പേരിട്ട ആക്രമണപരമ്പരയുടെ തുടക്കത്തിൽ ഇറാൻതലസ്ഥാനമായ ടെഹ്റാനിലും മുഖ്യ ആണവകേന്ദ്രമായ നതാൻസിലുമടക്കം 150 കേന്ദ്രങ്ങളിലാണ് ആക്രമണം നടത്തിയത്. കൃത്യമായി നടപ്പാക്കിയ പ്രിസിഷൻ അറ്റാക്കിലൂടെ ഇറാൻ സൈനികമേധാവിയടക്കം സൈന്യത്തിലെ ആദ്യ നാലു സ്ഥാനക്കാരും പരമോന്നതനേതാവായ ആയത്തുള്ള ഖമനേയിയുടെ മുഖ്യ ഉപദേഷ്ടാവും, ആറ് പ്രമുഖ ആണവശാസ്ത്രജ്ഞന്മാരും കൊല്ലപ്പെട്ടു. ഇറാൻസൈന്യത്തിന്റെ സുപ്രീം ലീഡർ ഹുസൈൻ ബഗേരി, ഇറാൻ റവല്യൂഷണറി ഗാർഡിന്റെ കമാൻഡർ ഇൻ ചീഫ് ഹുസൈൻ സലാമി, ഐ ആർ ജി സി ഡെപ്യൂട്ടി കമാൻഡർ ഇൻ ചീഫ് ഗുലാം അലി റഷീദ്, ഐ ആർ ജി സി യുടെ വ്യോമസേന കമാൻഡർ ഹാജി സദേഹ്, സൈന്യത്തിന്റെ ഇന്റലിജൻസ് വിഭാഗം തലവൻ മുഹമ്മദ് കസിമി തുടങ്ങിയ സൈനിക പ്രമുഖർ കൊല്ലപ്പെട്ടു.

ഇറാൻ നൂറോളം ഡ്രോണുകൾ പ്രത്യാക്രമണത്തിന് അയച്ചെങ്കിലും അവയെല്ലാം ജോർദാനും ഇസ്രായേലും ചേർന്ന് തകർത്തു. തുടർന്നയച്ച 200 ഓളം ബാലിസ്റ്റിക് മിസൈലുകളിൽ മൂന്നെണ്ണം ടെൽ അവീവിൽ പതിച്ച് നാശനഷ്ടത്തിനിടയാക്കി. ബാക്കിയെല്ലാം ഇസ്രായേൽ വ്യോമപ്രതിരോധസംവിധാനം തകർത്തു. തിരിച്ചടിയെന്നവണ്ണം ഇറാനിലെ ആണവ ഊർജകേന്ദ്രങ്ങളും എണ്ണപ്പാടങ്ങളും തകർത്തുകൊണ്ട് ഇസ്രായേൽ മറുപടി നൽകിയതോടെ ഔദ്യോഗികകണക്കനുസരിച്ച് ഇറാനിൽ 230 മരണം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ, യഥാർഥത്തിൽ അതിന്റെ ഇരട്ടിയിലേറെ വരുമെന്ന് അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ഇസ്രായേലിൽ 24 പേരുടെ മരണമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്.

ഇറാന്റെ വ്യോമമേഖല പൂർണമായും തങ്ങളുടെ നിയന്ത്രണത്തിലായെന്നും ഇറാന്റെ മിസൈൽശേഖരത്തിന്റെ മൂന്നിലൊന്നു ഭാഗം നശിപ്പിക്കാൻ തങ്ങൾക്കു സാധിച്ചുവെന്നും ഇസ്രായേൽ സൈനികവക്താവ് ഔദ്യോഗികമായി അറിയിച്ചു. ടെഹ്റാനിൽനിന്നു ജനങ്ങൾ ഒഴിഞ്ഞുപോകണമെന്ന് ഐഡിഎഫ് (ഇസ്രായേൽ ഡിഫൻസ് ഫോഴ്സ്) ആവശ്യപ്പെട്ടിട്ടുണ്ട്. തങ്ങൾ ഇറാന്റെ ഭരണസിരാകേന്ദ്രങ്ങൾ ആക്രമിക്കാൻ പോവുകയാണെന്നും ജനങ്ങളെ കൊലപ്പെടുത്താൻ തങ്ങൾക്കു താത്പര്യമില്ലെന്നും ഐഡിഎഫ് വക്താവ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഇതിനു പിന്നാലെ ഇറാന്റെ പരമോന്നതനേതാവ് ആയത്തുള്ള ഖമനെയിയും കുടുംബവും സുരക്ഷാഭീതിയിൽ ബങ്കറുകളിൽ അഭയം തേടി. ഖമനേയിയെ വധിക്കാനുള്ള എല്ലാ സജ്ജീകരണങ്ങളും തയ്യാറാണെന്ന് അറിയിച്ച ഇസ്രായേലിനെ അമേരിക്ക വിലക്കിയതായി പ്രസിഡണ്ട് ട്രംപ് വെളിപ്പെടുത്തി.

ഇറാൻ ആണവനിർവ്യാപനക്കരാറിൽനിന്നു പിന്മാറിയതായാണ് അവസാനറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. പാർലമെന്റിൽ പ്രമേയം അവതരിപ്പിക്കുകയാണെന്നും അറിയുന്നു അതേസമയം ഇറാനിലെ ഫോർദോ ആണവ കേന്ദ്രത്തിനു സമീപം വൻസ്ഫോടനശബ്ദം കേട്ടതായും 2.5 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം അനുഭവപ്പെട്ടതായും റിപ്പോർട്ടുണ്ട്. ഇറാന്റെ ദേശീയ ടെലിവിഷൻ (ഐ ആർ ഐ ബി) ആസ്ഥാനം ഇസ്രായേൽബോംബിങ്ങിൽ തകർന്നു. ടെഹ്റാനിൽ വൻ സ്ഫോടനങ്ങൾ നടക്കുന്നതായും പടിഞ്ഞാറൻ ടെഹ്റാനിലെ സൈനികതാവളം ഇസ്രായേൽ ആക്രമിച്ചതായും വാർത്തകളുണ്ട്.

ഒപ്പംതന്നെ പ്രാധാന്യമർഹിക്കുന്ന മറ്റൊരു വാർത്ത അമേരിക്കയുടെ ആണവായുധ ഫോർമുല വഹിക്കുന്ന യു. എസ്. എസ് നിമിറ്റ്സ് യുദ്ധക്കപ്പൽ പശ്ചിമേഷ്യയിലേക്കു പുറപ്പെട്ടു എന്നതാണ്. ഒപ്പംതന്നെ ബ്രിട്ടൻ പശ്ചിമേഷ്യയിലേക്ക് സേനാവിന്യാസം തുടങ്ങിയിരിക്കുന്നു എന്നതും. ഫ്രാൻസിന്റെ യുദ്ധക്കപ്പലുകൾ നിലവിൽ പശ്ചിമേഷ്യൻതീരത്തുണ്ട്. ഇവയെല്ലാം ഇസ്രായേലിന്റെ സംരക്ഷണത്തിനായി എത്തിയിരിക്കുന്നതാണ് എന്നതു ശ്രദ്ധേയം.

### ഇസ്രായേൽ ആക്രമണം എങ്ങനെ?

ലോകത്തെ വിസ്മയിപ്പിച്ച പ്രിസിഷൻ അറ്റാക്കാണ് (മറ്റു സ്ഥലങ്ങൾക്കോ ആളുകൾക്കോ നാശനഷ്ടങ്ങൾ ഉണ്ടാവാതെ തങ്ങൾ ഉന്നംവയ്ക്കുന്ന വ്യക്തികളെയും കേന്ദ്രങ്ങളെയും മാത്രം ഇല്ലായ്മ ചെയ്യുന്ന രീതി) ഇസ്രായേൽ പുറത്തെടുത്തത്. മാസങ്ങൾക്കുമുമ്പേ ഇറാനിലെമ്പാടും നുഴഞ്ഞുകയറിയ മൊസാദ് ഏജന്റുമാർ ടെഹ്റാന്റെ ഉള്ളിൽ താവളങ്ങളും ഡ്രോൺവിക്ഷേപണ കേന്ദ്രങ്ങളും സ്ഥാപിക്കുകയും ചെറുറോക്കറ്റുകൾ അടക്കമുള്ള ആയുധങ്ങൾ സംഭരിക്കുകയും ചെയ്തു. തയ്യാറെടുപ്പുകൾ പൂർത്തിയായതോടെ അത്യാവശ്യം വേണ്ടവരൊഴികെ ബാക്കിയെല്ലാവരെയും ഇറാനിൽനിന്നു പിൻവലിക്കുകയും ആക്രമണദിവസം തീരുമാനിക്കുകയും ചെയ്തു. വ്യാഴാഴ്ച രാത്രി നെതന്യാഹുവിന്റെ നേതൃത്വത്തിൽ നടന്ന അടിയന്തര ക്യാബിനറ്റ് യോഗം മൊസാദിന് ആക്രമണാനുമതി നൽകി. വെള്ളിയാഴ്ച ആക്രമണത്തിനായി ടെൽ അവീവിൽനിന്നു പോർവിമാനങ്ങൾ പറന്നുയർന്നപ്പോൾ നിശ്ചയിക്കപ്പെട്ട സമയത്ത് ഇറാന്റെയുള്ളിൽ നിന്നുകൊണ്ടുള്ള ആക്രമണങ്ങളിലൂടെ ഇറാന്റെ വ്യോമപ്രതിരോധസംവിധാനങ്ങളെ തകർക്കുകയും തങ്ങൾ ഉന്നംവച്ച ഉന്നതസൈനികനേതൃത്വത്തെയും ആണവശാസ്ത്രജ്ഞരെയും കൊലപ്പെടുത്തുകയും ചെയ്താണ് മൊസാദ് തങ്ങളുടെ ദൗത്യം നിറവേറ്റിയത്.

അതോടെ അനാഥമായ ഇറാന്റെ ആകാശത്ത് 100 ലേറെ ഇസ്രായേലി ഫൈറ്റർ ജെറ്റുകൾ കളം നിറഞ്ഞാടി. രണ്ടുമണിക്കൂറോളം ഇറാനിൽ താണ്ഡവമാടി 150 കേന്ദ്രങ്ങളിൽ നാശം വിതച്ച ഫൈറ്റർ ജെറ്റുകളുടെ നേർക്ക് ഒരു വെടിയുണ്ടകൊണ്ടുപോലും പ്രത്യാക്രമണം നടത്താനാവാതെ ഇറാൻ നിസ്സഹായരായി. പ്രിസിഷൻ അറ്റാക്കിന്റെ ഏകോപനവും പൂർണ്ണതയും അങ്ങേയറ്റം കൃത്യതയോടെ വെളിവാക്കിയ ആക്രമണം!

►05

# ഇതു പഠിക്കാതെ വിവാഹം ചെയ്യരുത്!

**നി**ങ്ങളുടെ ജീവിതം സ്വച്ഛമായി മുന്നോട്ട് ഒഴുകണമെങ്കിൽ, കുറച്ച് സ്വഭാവശാസ്ത്രം കൂടി നിങ്ങൾ പഠിക്കണം.

വിവാഹം ചെയ്യാൻ പേടിയും മടിയും പ്രകടിപ്പിക്കുന്ന മക്കളെക്കുറിച്ച് സങ്കടം പറഞ്ഞു കൊണ്ട്, എന്നെ വിളിക്കുന്ന മാതാപിതാക്കളുടെയും, അവരുടെ വേണ്ട പ്പെട്ടവരുടെയും എണ്ണം ഏതാനും വർഷങ്ങളായി കൂടിക്കൂടി വരുന്നു.

ഉയർന്ന വിദ്യാഭ്യാസവും മികച്ച ജോലിയും മാത്രം ലക്ഷ്യം വെച്ച്, യാതൊരു ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും അറിയിക്കാതെ മക്കളെ പഠിപ്പിച്ചു. കുട്ടികൾ അവശ്യം പരിശീലിച്ചിരിക്കേണ്ട കാര്യങ്ങൾ പലതും, മക്കൾക്കു വേണ്ടി മാതാപിതാക്കൾ തന്നെ ചെയ്തു കൊടുത്തു വളർത്തി.

പക്ഷേ ഈ മക്കൾ അവരുടെ വിവാഹം കഴിയുമ്പോൾ, ചെയ്യേണ്ടതു ചെയ്യാൻ പ്രാപ്തിയില്ലാതെ തളർന്നു പോകുന്നു. ഏർപ്പെടുന്ന എല്ലാക്കാര്യങ്ങളിലും ഒന്നാം സ്ഥാനത്ത് എത്തണമെന്ന വാശിയോടെ മത്സരിക്കാൻ പരിശീലിപ്പിച്ചു വളർത്തിയ ഈ മക്കൾ, കുടുംബജീവിതത്തിലും പരസ്പരം മത്സരിച്ചും, കുറ്റപ്പെടുത്തിയും, പരാജയപ്പെട്ടു പോകുന്നു.

ഇത്തരം ധാരാളം സംഭവങ്ങളും, അതേക്കുറിച്ച് പ്രചരിക്കുന്ന, ഏറെ നിറം പിടിപ്പിച്ച കഥകളും ശ്രദ്ധിക്കുന്ന ഇന്നത്തെ ചെറുപ്പക്കാർക്ക്, വിവാഹം ചെയ്യാൻ പേടിയും മടിയും തോന്നുന്നത് വളരെ സ്വാഭാവികമല്ലേ?

പരസ്പരം മനസ്സിലാക്കുന്നതിലും, ആശയവിനിമയം നടത്തുന്നതിലും, ഇടപെടലുകളിലും അറിയാതെ സംഭവിച്ചു പോകുന്ന അബദ്ധങ്ങളാണ് പല കുടുംബങ്ങളിലും ബന്ധങ്ങളിൽ അസ്വസ്ഥത സൃഷ്ടിക്കുന്നത്.

ചില കാര്യങ്ങൾ പറഞ്ഞു വരുമ്പോൾ ഉദ്ദേശിച്ച അർത്ഥമായിരിക്കില്ല വായിൽ നിന്നും പുറത്തു വരുന്നത്. പലപ്പോഴും പറയുന്ന ആൾ ഉദ്ദേശിച്ച അർത്ഥത്തിലായിരിക്കില്ല, കേൾക്കുന്ന ആൾ കാര്യം മനസ്സിലാക്കുന്നത്.

വാക്കിലെ അർത്ഥം മാത്രമല്ല, സ്വരത്തിലും ഭാവത്തിലും വ്യത്യസ്തങ്ങളായ അർത്ഥവും അനർത്ഥങ്ങളും ഒളിഞ്ഞിരിക്കുന്നു എന്ന് പലർക്കും അറിയില്ല. നല്ല ഉദ്ദേശ്യത്തോടെ ചെയ്ത പലതും, വിപരീത ഫലം ഉണ്ടാക്കിയത്, ഭവിഷ്യത്തുകളെ കുറിച്ച് മനസ്സിലാക്കാതെ പ്രവർത്തിച്ചതു കൊണ്ടാണ്.


കുടുംബത്തിൽ മാത്രമല്ല, തൊഴിൽ സ്ഥലത്തും മറ്റുള്ളവരുമായി ശാന്തതയോടെ ഇടപെടാനും, സഹകരിച്ച് പ്രവർത്തിച്ചു എല്ലാവരുടെയും ലക്ഷ്യം സാധ്യമാക്കാനാവും വിധം സ്വച്ഛമായി ജീവിക്കണമെങ്കിൽ, സാമൂഹ്യജീവിയായ മനുഷ്യനു തന്റെയും തന്റെ സഹജീവികളുടെയും സ്വഭാവ രീതികൾ മനസ്സിലാക്കി പഠിച്ചേ മതിയാകൂ.

അതിനുതകുന്ന ഏതാനും മനഃശാസ്ത്ര മേഖലകളെക്കുറിച്ച് പരിചയപ്പെടുത്തുവാൻ ഉദ്ദേശിച്ചുള്ളതാണ് എന്റെ ഈ കുറിപ്പുകൾ.

**നിങ്ങൾ വിവാഹത്തെക്കുറിച്ച് ആലോചിക്കുമ്പോൾ, വിവാഹം വേണമെന്നോ, വേണ്ടെന്നോ, തീരുമാനിക്കും മുമ്പ്, ഈ വിഷയങ്ങളെക്കുറിച്ച് കൂടുതൽ ആഴത്തിൽ അറിവും പരിശീലനവും നേടിവേണം ഉചിതമായ തീരുമാനം എടുക്കുവാൻ.**

അതിനു സഹായകരമാകണമേ എന്ന പ്രാർത്ഥനയോടെ ഈ ഗ്രന്ഥം നമ്മുടെ കുടുംബങ്ങൾക്കായി സാദരം സമർപ്പിക്കുന്നു.

**ജോർജ്ജ് കാടങ്കാവിൽ**
ഡയറക്ടർ, ബെത്‌ലെഹം മാട്രിമോണിയൽ


പുതിയ പുസ്തകം

സഹജീവികളുടെ സ്വഭാവ വിശേഷങ്ങൾ

ഇതു പഠിക്കാതെ
വിവാഹം ചെയ്യരുത് !



രചന
ജോർജ്ജ് കാടങ്കാവിൽ

തൊഴിൽ, കുടുംബം, സൗഹൃദം, ഏതു രംഗത്തായാലും നിങ്ങളുടെ സംഭാഷണവും പെരുമാറ്റവും മെച്ചപ്പെടുത്തിയാൽ, നിങ്ങളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാകും. അതിനു സഹായിക്കുന്ന മനഃശാസ്ത്ര തത്വങ്ങളെക്കുറിച്ചാണ് ഈ പുസ്തകത്തിൽ പ്രതിപാദിക്കുന്നത്.

ഈ തത്വങ്ങൾ പരിചയപ്പെടുത്തുവാനും, പ്രയോഗിച്ചു പരിശീലിക്കുവാനും, മനുഷ്യരുടെ ഭാവം, അഹംഭാവം, സ്വഭാവം ഇവ മനസ്സിലാക്കി മറ്റുള്ളവരോട് ഫലപ്രദമായി ഇടപെടുവാനും, എങ്ങിനെ ഒരു ടീം ആയി പ്രവർത്തിക്കാം എന്നൊക്കെ, നിത്യജീവിതത്തിൽ അവശ്യം വേണ്ട പ്രായോഗിക പരിശീലനമാണ് ബെത്‌ലെഹം TA-TB ശില്പശാലകൾ.

ഇതിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്കു കൂടി വേണ്ടിയാണ് ഈ ഗ്രന്ഥം. ഇതു വായിച്ചു മനസ്സിലാക്കി പെരുമാറുന്നത്, നിങ്ങൾക്കു ഏതു ജീവിത സാഹചര്യവും നേരിടാനുള്ള കരുത്തു പകരും.

Price: ₹ 700/- For your copies, contact Bethlehem Publications 6282 662 458

വിവാഹാലോചനകൾക്ക് ഒരു പുത്തൻ സംസ്കാരം
ബെത്‌ലെഹം മാട്രിമോണിയൽ

Bethlehem Matrimonial.com

Bethlehem Center for Research and Family Development,
Kaloor, Kochi-17 73069 99539, 92493 92518

# ദുരൂഹതകൾ ബാക്കിവച്ച്
# അഹമ്മദ്ബാദിലെ ദുരന്തഭൂമി



തോമസ് കുഴിഞ്ഞാലിൽ

**വി**മാനയാത്രകളിലെ അപകടസാധ്യതകളെക്കുറിച്ച് ഏതാനും നാളുകൾക്കു മുമ്പ് ഒരു സുഹൃത്തുമായി സംസാരിക്കുമ്പോൾ അദ്ദേഹം അഭിപ്രായപ്പെട്ടത് ഇപ്രകാരമായിരുന്നു: "വിമാനയാത്രകളേക്കാളധികം ഭയപ്പെടേണ്ടത് ഓട്ടോറിക്ഷകളിലും കാറുകളിലും ബസുകളിലുമുള്ള യാത്രകളെയാണ്. ഏതെങ്കിലും വിധത്തിലുള്ള പരിശോധനകളോ സുരക്ഷിതത്വമോ ഈ യാത്രകളിൽ നമുക്കു ലഭിക്കാറുണ്ടോ? ഏതു നേരവും മരണം പതിയിരിക്കുന്ന യാത്രകളല്ലേ അവയെല്ലാം? വിമാനത്താവളങ്ങളിലേക്കു കാലെടുത്തുവയ്ക്കുമ്പോൾ തുടങ്ങുന്ന പരിശോധനകൾ നമ്മുടെ ജീവൻ സുരക്ഷിതമാക്കും."

അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ശരിയാണെന്നു പിന്നീടുള്ള യാത്രാനുഭവങ്ങളിൽനിന്നു മനസ്സിലാക്കാൻ കഴിഞ്ഞു. എത്രമാത്രം അപകടങ്ങളും മരണങ്ങളുമാണ് നമ്മുടെ നിരത്തുകളിൽ സംഭവിക്കുന്നത്! എല്ലാ രാജ്യങ്ങളിലെയും ട്രാഫിക് നിയമങ്ങൾക്കും സമാനതകളേറെയാണെങ്കിലും അവയെല്ലാം കാറ്റിൽ പറത്തി വാഹനങ്ങളോടിക്കുന്നവരെയല്ലേ ചുറ്റിലും കാണാനാവുക? കഴിഞ്ഞ മൂന്നു വർഷങ്ങളിലെ രാജ്യത്താകമാനമുള്ള കണക്കുകൾ പരിശോധിച്ചപ്പോഴാണ് യഥാർഥത്തിൽ ഞെട്ടിയത്. 2022 ൽ നടന്ന 4,50,000 റോഡപകടങ്ങളിലെ മരണം 1,50,000 മായിരുന്നു. 2023 ൽ 4,80,000 വാഹനാപകടങ്ങളിലായി 1,72,000 പേരുടെ ജീവൻ നഷ്ടമായി. 2024 ലെ അഞ്ചുലക്ഷം റോഡപകടങ്ങളിലെ മരണസംഖ്യ 1,80,000. എന്നാൽ, 2024 ൽ സംഭവിച്ച ചെറുതും വലുതുമായ 11 വിമാനാപകടങ്ങളിൽ മരിച്ചവരുടെ എണ്ണം 318 മാത്രമായിരുന്നു. ഒമ്പതരക്കോടിപേർ ആകാശയാത്ര ചെയ്തപ്പോഴുള്ള കണക്കാണിത്. ഒരു ദിവസം ഒരുലക്ഷത്തോളം യാത്രാവിമാനങ്ങൾ സർവീസ് നടത്തുന്നുണ്ടെന്ന് ഏകദേശ കണക്കുകൾ സൂചിപ്പിക്കുന്നു. 2020 ഓഗസ്റ്റ് 7-ാം തീയതി കോഴിക്കോടു സംഭവിച്ച വിമാനദുരന്തത്തിനുശേഷം മറ്റൊരു വിമാനാപകടവും രാജ്യത്തു നടന്നതായി കേട്ടിട്ടുമില്ല. അന്ന്, ദുബായിൽനിന്നു കോഴിക്കോട്ടേക്കു പറന്ന 1344-ാം നമ്പർ എയർ ഇന്ത്യ എക്സ്പ്രസിലുണ്ടായിരുന്ന 190 പേരിൽ രണ്ടു പൈലറ്റുമാരുൾപ്പെടെ 21 പേരുടെയേ ജീവൻ നഷ്ടമായുള്ളൂ.

**മെയ്ഡേ, മെയ്ഡേ!**

ഇന്ത്യൻ വ്യോമയാനചരിത്രത്തിലെ ഏറ്റവും വലിയ വിമാനാപകടങ്ങളിലൊന്നാണ് ഇക്കഴിഞ്ഞ 12-ാം തീയതി വ്യാഴാഴ്ച അഹമ്മദ്ബാദിൽ നടന്നത്. ഭാരതജനതയുടെ നെഞ്ചകം പിളർത്തിയ മഹാദുരന്തമായിരുന്നു അത്. ബോയിങ് 787 ഡ്രീംലൈനർ ശ്രേണിയിൽപ്പെട്ട യാത്രാവിമാനങ്ങളുടെ ആദ്യത്തെ അപകടമാണ് അഹമ്മദ്ബാദിൽ സംഭവിച്ചതെന്നു പറയപ്പെടുന്നു. രണ്ടു പൈലറ്റുമാർ ഉൾപ്പെടെ 12 ജീവനക്കാരും 230 യാത്രക്കാരുമായി സൽദാർ വല്ലഭ് ഭായി പട്ടേൽ അന്തർദേശീയ വിമാനത്താവളത്തിൽനിന്നു ലണ്ടനിലെ ഗാറ്റ്‌വിക് വിമാനത്താവളത്തിലേക്കു പറന്നുയർന്ന എയർ ഇന്ത്യ ബോയിങ് 787-8 ഡ്രീംലൈനർ എ1 171-ാം നമ്പർ വിമാനം ഇക്കഴിഞ്ഞ 12-ാം തീയതി വ്യാഴാഴ്ച ഉച്ചയ്ക്കുശേഷം 1.39 ന് വിമാനത്താവളത്തിനു പുറത്തുള്ള അഹമ്മദ്ബാദ് ബി ജെ മെഡിക്കൽ കോളജിന്റെ ബിരുദാനന്തര എം ബി ബി എസ് വിദ്യാർഥികളുടെ



ബഹുനിലഹോസ്റ്റലിലേക്ക് ഇടിച്ചിറങ്ങുകയായിരുന്നു. റൺവേയിൽനിന്നും 625 അടി ഉയരത്തിലെത്തിയശേഷം ഉയരാൻ കഴിയാതെ പെട്ടെന്നു താഴുകയും കെട്ടിടത്തിലിടിച്ചു രണ്ടായി പിളരുകയുമായിരുന്നു. 11 എ സീറ്റിലിരുന്ന രമേഷ് വിശ്വാസ്കുമാർ എന്ന ബ്രിട്ടീഷ് പൗരൻ ഇടിയുടെ ആഘാതത്തിൽ തുറന്നുപോയ എമർജൻസി വാതിലിലൂടെ തെറിച്ചുവീണതുകൊണ്ടു മാത്രം രക്ഷപ്പെട്ടു. ശേഷിക്കുന്ന 229 പേരുടെയും 12 ജീവനക്കാരുടെയും ശരീരങ്ങൾ അഗ്നിനാളങ്ങൾ വിഴുങ്ങി. 169 ഇന്ത്യൻവംശജരും 53 ബ്രിട്ടീഷ്പൗരന്മാരും 7 പോർച്ചുഗീസുകാരും ഒരു കനേഡിയനുമായിരുന്നു യാത്രക്കാരായി വിമാനത്തിലുണ്ടായിരുന്നത്. ഡോക്ടേഴ്സ് ഹോസ്റ്റലിലെ കാന്റീനിൽ ഉച്ചഭക്ഷണത്തിനെത്തിയവരും താമസക്കാരും അവരുടെ ഏതാനും കുടുംബാംഗങ്ങളും പരിസരവാസികളും വഴിയാത്രക്കാരുമുൾപ്പെടെ 300 ഓളം ആളുകളുടെ ജീവനാണു പൊലിഞ്ഞത്. ഡി എൻ എ പരിശോധനകളിലൂടെ 270 പേരുടെ മൃതശരീരങ്ങൾ തിരിച്ചറിഞ്ഞതായി വാർത്തയുണ്ട്.

ലണ്ടനിലേക്ക് എങ്ങും നിറുത്താതെയുള്ള 10 മണിക്കൂർ യാത്രയ്ക്കായി ഒരു ലക്ഷം ലിറ്റർ ഇന്ധനവും നിറച്ചുകൊണ്ടായിരുന്നു വിമാനം പുറപ്പെട്ടതെന്നത് ദുരന്തം ഇരട്ടിപ്പിക്കുകയായിരുന്നു. ഗാറ്റ്‌വിക് അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കുള്ള 6,850 കിലോമീറ്റർ ദൂരം താണ്ടുന്നതിന് അത്രയും വിമാനഇന്ധനം ആവശ്യമായിരുന്നു. തകർന്നുവീണ വിമാനഭാഗങ്ങൾക്കൊപ്പം പരന്നൊഴുകിയ ഇന്ധനം 1,000 ഡിഗ്രി സെൽഷ്യസിലാണ് ആളിപ്പടർന്നത്. 100 മീറ്ററിനുള്ളിലെ വസ്തുക്കളെല്ലാം വെന്തുരുകി. അസഹനീയമായ ചൂടിൽ സംഭവസ്ഥലത്തേക്കടുക്കാൻ രക്ഷാപ്രവർത്തകർക്കു കഴിയാതെ വന്നതും ദുരന്തം വർധിപ്പിച്ചു.

പറന്നുയർന്നയുടനെ പൈലറ്റുമാരിൽനിന്നു കേട്ട "മേയ് ഡേ, മേയ് ഡേ" എന്ന ഉച്ചസ്ഥായിയിലുള്ള നിലവിളി കൺട്രോൾ ടവറിൽ കേട്ടു നിമിഷങ്ങൾക്കകം അപകടം സംഭവിക്കുകയായിരുന്നു. (കപ്പൽ, വിമാനം എന്നിവ അപകടത്തിൽപ്പെടുന്ന അടിയന്തരസാഹചര്യങ്ങളിൽ കപ്പിത്താനോ പൈലറ്റോ പുറപ്പെടുവിക്കുന്ന അപായസന്ദേശമാണത്). മെയ് ഡേ സന്ദേശത്തിന് എയർ ട്രാഫിക് കൺട്രോൾ ടവറിൽനിന്ന് മറുപടി എത്തുമ്പോഴേക്കും എല്ലാം സംഭവിച്ചുകഴിഞ്ഞിരുന്നു.

2011 മുതൽ വ്യോമയാനരംഗത്തു സജീവസാന്നിധ്യമായ ബോയിങ് 787 ന്റെ 1100 ഓളം യാത്രാവിമാനങ്ങൾ വിവിധ രാജ്യങ്ങളിൽ സർവീസ് നടത്തിവരുന്നുണ്ട്. കാലിഫോർണിയയിലെ ചാൾസ്ടണിൽ നിർമിക്കുന്ന വിമാനങ്ങൾ അത്യന്താധുനികസൗകര്യങ്ങളോടെയാണു പുറത്തിറക്കുന്നത്. മൂന്നു നിരകളുള്ള വീതി കൂടിയ ശരീരഭാഗവും വലിയ ജനാലകളും ഇവയുടെ പ്രത്യേകതകളായി എണ്ണപ്പെട്ടിട്ടുണ്ട്. അപകടത്തിൽപ്പെട്ട എ1 171-ാം നമ്പർ വിമാനം 41,000 മണിക്കൂറുകൾ ആകാശയാത്ര പൂർത്തിയാക്കിയതാണ്. പ്രധാന പൈലറ്റായ ക്യാപ്റ്റൻ സുമിത് സുഗർവാൾ വിമാനങ്ങൾ 8,200 മണിക്കൂർ പറത്തിയിട്ടുള്ളയാളുമാണ്. പറന്നുയർന്നയുടൻ ഉള്ളിലേക്കു കയറിപ്പോകേണ്ട ടയറുകൾ പിൻവലിയാതിരുന്നത് സാങ്കേതികത്തകരാറുകളിലേക്കാണു വിരൽചൂണ്ടുന്നത്. ചിറകുകളുടെ പാളികൾ താഴ്ത്തി വിമാനം ഉയർത്തുന്നതിൽ പൈലറ്റുമാർക്കു വീഴ്ച പറ്റിയോ എന്നും അന്വേഷിക്കുന്നുണ്ട്. എഞ്ചിനുകളിൽ പക്ഷികൾ ഇടിച്ചുകയറി അപകടം വരുത്തിവയ്ക്കുന്നതും സാധാരണമാണ്. സംഭവസ്ഥലത്തുനിന്നു കണ്ടെടുത്ത ബ്ലാക് ബോക്സുകളുടെ വിശദമായ പരിശോധനകളിലൂടെയേ അപകടത്തെക്കുറിച്ചുള്ള ദുരൂഹതകൾ അഴിയൂ. തീവ്രവാദസംഘടനകളുടെ ഇടപെടലുകളും അന്വേഷണപരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

■




14

മാത്യൂസ് ആർപ്പൂക്കര

# ഡോൾഫിൻ

**തി**മിംഗലവർഗത്തിൽപ്പെട്ട ജന്തുക്കളാണു ഡോൾഫിനുകൾ. പല്ലുള്ള തിമിംഗലവിഭാഗത്തിലാണ് ഇവയുടെ സ്ഥാനം. ഡോൾഫിന്റെ നീണ്ടുകൂർത്ത പല്ലുകൾ ഇരയെ പിടികൂടാനും ഏറെ നേരം കടിച്ചുപിടിക്കാനും സഹായിക്കുന്നു.

മനുഷ്യനുമായി വളരെവേഗം ഇണങ്ങുന്ന കടൽജീവിയാണ് ഡോൾഫിനുകൾ. പരിശീലിപ്പിച്ചാൽ പലതരം അഭ്യാസങ്ങൾ ഇവ ഭംഗിയായി ചെയ്യും. വെള്ളത്തിലേക്ക് ഇട്ടുകൊടുക്കുന്ന പന്തു ചാടിപ്പിടിക്കാനും പന്തുപയോഗിച്ചു പലതരം വിദ്യകൾ കാണിക്കാനും ഇവയ്ക്കു കഴിയുന്നു. കടലിന്റെ ഉപരിതലത്തിൽ നീന്തിക്കളിക്കുന്ന ഡോൾഫിനുകൾ ചിലപ്പോൾ വായുവിലേക്കു ചാടിത്തിരിയുന്നതുകാണാം. ശ്വസിക്കാൻവേണ്ടിയാണീ അഭ്യാസപ്രകടനം. വളരെ വേഗത്തിൽ നീന്താനും ഉയരത്തിലേക്കു ചാടാനും ഊളിയിട്ട് വെള്ളത്തിനടിയിലേക്കുപോകാനും തകിടംമറിയാനുമൊക്കെ ഡോൾഫിനുകൾക്കു സാധിക്കും. കപ്പലുകളുടെ മുന്നിൽ നീന്തിത്തുടിച്ചും തിരകളിൽ ചാടിക്കളിച്ചും ആഹ്ലാദം പ്രകടിപ്പിക്കുന്ന ഈ കൗശലക്കാരെ കടലിലെ മികച്ച കായികതാരങ്ങളെന്നു വിശേഷിപ്പിക്കാറുണ്ട്.

ഡോൾഫിനുകൾ ബുദ്ധിയിലും ഇതരമികവുകളിലും മറ്റു തിമിംഗലങ്ങളെക്കാൾ ഏറെ മുൻനിരയിൽത്തന്നെ. അതുപോലെ വളരെ സാമൂഹികബോധമുള്ളവരുമാണ്. കൂട്ടമായി സഞ്ചരിക്കുന്ന ഡോൾഫിനുകൾ സഹജീവികളുടെ പരിചരണത്തിൽ പ്രത്യേകം ശ്രദ്ധാലുക്കളാണ്. തിമിംഗലങ്ങൾക്കു പൊതുവെ ഈ പ്രത്യേകതയുണ്ടെങ്കിലും ഡോൾഫിനുകളാണ് ഇക്കാര്യത്തിൽ തികഞ്ഞ മികവു കാണിക്കുന്നത്. പരിക്കുപറ്റിയവരോ പ്രായംകൊണ്ട് അവശനിലയിലായവരോ ആയ സഹജീവികളെ മറ്റു ഡോൾഫിനുകൾ കണ്ടില്ലെന്നു നടിക്കുകയോ ഉപേക്ഷിച്ചു കടന്നുകളയുകയോ ചെയ്യാറില്ല.

കൂർത്തുമൂർത്ത പല്ലുകളുള്ള കൊലയാളിത്തിമിംഗലങ്ങൾ മറ്റു തിമിംഗലങ്ങൾക്കു പേടിസ്വപ്നമാണ്. തിടുക്കത്തിൽ ശരംവേഗത്തിൽ കൂട്ടമായി നീന്തിച്ചെന്ന് മറ്റു തിമിംഗലങ്ങളെ ഇവ ആക്രമിക്കുന്ന കാഴ്ചയുണ്ട്. എന്നാൽ, കൊലയാളിത്തിമിംഗലത്തെയും തറപറ്റിക്കുന്ന വീരപരാക്രമികൾ



കടലിലുണ്ട്. അവ വമ്പൻസ്രാവുകൾതന്നെ. സ്രാവുകളുമായുള്ള പൊരിഞ്ഞ പോരാട്ടത്തിൽ കൊലയാളിത്തിമിംഗലങ്ങളുടെ ജീവനെടുക്കാറുമുണ്ട്. അത്രയ്ക്ക് പരാക്രമവീരന്മാരാണ് സ്രാവുകൾ. അതേ സ്രാവുകളും കൊലയാളിത്തിമിംഗലങ്ങളുമൊക്കെ പൊതുവേ ശാന്തരായ ഡോൾഫിനുകളുടെ നമ്പർവൺ ശത്രുക്കൾതന്നെ.

■

# പരിഷ്കരിച്ച പി ഒ സി ബൈബിളിലെ സവിശേഷതകൾ

■ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ

കഴിഞ്ഞ ലക്കത്തിൽ ബൈബിൾവിവർത്തനങ്ങളുടെ പരിഷ്കരണത്തെക്കുറിച്ചും അതിന്റെ ആവശ്യകതയെക്കുറിച്ചും എഴുതിയിരുന്നു. കേരള കത്തോലിക്കാസഭ ഔദ്യോഗികമായി വിവർത്തനം ചെയ്തു പ്രകാശനം ചെയ്തിട്ടുള്ള ബൈബിളായിരുന്നു പി ഒ സി ബൈബിൾ. അതിന്റെ പരിഷ്കരിച്ച പതിപ്പാണ് ജൂൺമാസം മൂന്നാം തീയതി പ്രസിദ്ധീകരിച്ചത്. പി ഒ സി പരിഷ്കരിച്ച പതിപ്പ് (RPOC) എന്നായിരിക്കും ഔദ്യോഗികമായി ഈ വിവർത്തനം അറിയപ്പെടുന്നത്.

പുതിയനിയമത്തിന്റെ പരിഷ്കരണം 2005ൽ ആരംഭിച്ചിരുന്നു. 2012 ൽ അതു പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. നിലവിലുണ്ടായിരുന്ന പി ഒ സി ബൈബിളിൽ പുതിയനിയമത്തിന് മൂലഭാഷയിൽനിന്ന് അധികം വ്യത്യാസങ്ങളില്ലാതിരുന്നതുകൊണ്ട് പുതിയ ഒരു വിവർത്തനത്തിനുള്ള ശ്രമം നടത്താതെ വ്യത്യാസങ്ങളുള്ള ഭാഗം മാത്രം പരിഷ്കരിക്കുകയാണു ചെയ്തിരുന്നത്. എന്നാൽ, പഴയനിയമഗ്രന്ഥങ്ങളിൽ കൂടുതൽ വ്യത്യാസങ്ങളുണ്ടായിരുന്നതുകൊണ്ട് പുതിയ ഒരു വിവർത്തനം തയ്യാറാക്കുകയായിരുന്നു; എന്നിരുന്നാലും അടിസ്ഥാനഗ്രന്ഥമായി നിലവിലിരുന്ന പി ഒ സി ബൈബിൾ ഉപയോഗപ്പെടുത്തുകയാണു ചെയ്തത്.

പഴയനിയമത്തിൽ ഹീബ്രുഭാഷയിൽ എഴുതപ്പെട്ടിരുന്ന 39 ഗ്രന്ഥങ്ങൾ ഹീബ്രു മൂലഗ്രന്ഥത്തിൽനിന്നും, ഗ്രീക്കുഭാഷയിൽ എഴുതപ്പെട്ടിരുന്ന ഏഴുഗ്രന്ഥങ്ങൾ ഗ്രീക്കു മൂലഗ്രന്ഥത്തിൽനിന്നുമാണ് വിവർത്തനം ചെയ്തിരുന്നത്. ദാനിയേൽ, എസ്രാ എന്നീ പുസ്തകങ്ങളിൽ അറമായ മൂലഭാഷയിലുള്ള അധ്യായങ്ങൾ അറമായഭാഷയിൽനിന്നു വിവർത്തനം ചെയ്തിരിക്കുന്നു. പഴയനിയമത്തിന്റെ പ്രാചീനവിവർത്തനങ്ങളായ ഗ്രീക്ക്, അറമായ, സുറിയാനി, ലത്തീൻ വിവർത്തനങ്ങളും ആധുനികഭാഷകളിലെ വിവർത്തനങ്ങളുമായി താരതമ്യം ചെയ്തിട്ടുണ്ട്. പി ഒ സി ബൈബിൾ പരിഷ്കരിക്കുന്നയവസരത്തിൽ നല്കിയിരുന്ന നിർദേശങ്ങളിൽ പ്രധാനപ്പെട്ടത് ചിരപരിചിതമായ നാമങ്ങൾ മൂലഭാഷയിൽ വ്യത്യസ്തമായാണ് ഉപയോഗിക്കുന്നതെങ്കിലും തിരുത്തേണ്ട ആവശ്യമില്ല എന്നാണ്. ഉദാഹരണത്തിന്, ഏദെൻതോട്ടത്തിലെ നദികൾ ടൈഗ്രീസ്, യൂഫ്രട്ടീസ് എന്നത് ഹീബ്രുവിൽനിന്നു ഗ്രീക്കിലേക്കു വിവർത്തനം ചെയ്തപ്പോൾ വന്ന പേരുകളാണ്. ഹീബ്രുമൂലത്തിൽ ഹിദെഖൽ, പ്രാത്ത് എന്നിങ്ങനെയാണ് ആ നദികളുടെ പേരുകൾ. ഇവിടെ മൂലഭാഷയിലുള്ള പേരുകൾ അടിക്കുറിപ്പിൽമാത്രം നല്കി പരിചിതമായ നാമങ്ങൾ ഉപയോഗിക്കുകയാണു ചെയ്തിരിക്കുന്നത്. അതുപോലെതന്നെ ചെങ്കടൽ എന്നതിന് ഹീബ്രുഭാഷയിലെ മൂലത്തിൽ ഉപയോഗിച്ചിരിക്കുന്നത് ഞാങ്ങണകളുടെ കടൽ എന്നാണ്. എന്നാൽ, ഗ്രീക്കിലേക്കു വിവർത്തനം ചെയ്തപ്പോൾ വന്ന ചെങ്കടൽ എന്നുതന്നെ വിവർത്തനത്തിൽ നിലനിർത്തിയിരിക്കുന്നു.

ഹീബ്രുനാമങ്ങൾ അതേപോലെതന്നെ നിലനിർത്താതെ പരിചിതമായ പേരുകൾതന്നെയാണ് ഉപയോഗിച്ചിരിക്കുന്നത്. ഉദാ: ജോഷ്വാ (യഹോഷുവാ), ജറെമിയ (യെറെമിയാഹു) എന്നത് ഹീബ്രുനാമം. യാഹ് വേ എന്ന ദൈവികനാമം ഗ്രീക്കുവിവർത്തനത്തിൽ ഉപയോഗിച്ചതിനു സമാനമായി കർത്താവ് എന്നാണ് വിവർത്തനത്തിൽ ഉപയോഗിച്ചിരിക്കുന്നത്. ഹീബ്രുമൂലത്തോടും പാരമ്പര്യത്തോടും വളരെ കൃത്യത പാലിക്കുകയാണെങ്കിൽ ഈ നാമം യാഹ് വേ എന്ന് എഴുതിയിട്ട് കർത്താവ് എന്നു വായിക്കുകയാണു വേണ്ടത്. സാധിക്കുന്നിടത്തോളം നിലവിലുണ്ടായിരുന്ന പിഒസി വിവർത്തനത്തോടു സമാനത പുലർത്താൻ ശ്രമിച്ചിട്ടുണ്ട്. എന്നാൽ, മൂലഗ്രന്ഥത്തോടു കൂടുതൽ വിശ്വസ്തമായ ഭാഷാശൈലിയും വാക്കുകളും പരിഷ്കരിച്ച പതിപ്പിന്റെ വിവർത്തനത്തിൽ ഉപയോഗിച്ചിട്ടുണ്ട്. അതിനാൽത്തന്നെ മൂലഗ്രന്ഥത്തോടു വളരെ വിശ്വസ്തത പുലർത്തുന്ന ഒരു വിവർത്തനമാണ് പി ഒ സി യുടെ പരിഷ്കരിച്ച പതിപ്പ് എന്നതു വ്യക്തം. മൂലഗ്രന്ഥത്തോടു വിശ്വസ്തത പുലർത്താൻ പരിശ്രമിക്കുമ്പോൾ മലയാളഭാഷയുടെ ശൈലിക്കും വായനക്ഷമതയ്ക്കും കുറവ് സംഭവിച്ചിട്ടുംകാണും.

**പരിഷ്കരിച്ച പതിപ്പിന്റെ ഏതാനും സവിശേഷതകൾ**

**1. മൂലഗ്രന്ഥത്തോടുള്ള വിശ്വസ്തത**

പരിഷ്കരിച്ച പതിപ്പിന്റെ ഏറ്റവും വലിയ പ്രത്യേകത മൂലഗ്രന്ഥത്തോടുള്ള വിശ്വസ്തതതന്നെയാണ്. മൂലഗ്രന്ഥത്തിൽനിന്ന് ഒരു വാക്കുപോലും നഷ്ടപ്പെടാതെ വിവർത്തനം ചെയ്യാൻ പരിശ്രമിച്ചിട്ടുണ്ട്. പരമാവധി മൂലഗ്രന്ഥത്തിന്റെ ഭാഷാശൈലിയും വ്യാകരണശൈലിയും നിലനിർത്തിയിട്ടുണ്ട്. മൂലഗ്രന്ഥത്തിൽ നാമരൂപത്തിലുള്ള വാക്കുകൾ നാമരൂപത്തിൽത്തന്നെയും ക്രിയാരൂപത്തിലുള്ളത് അതുപോലെതന്നെയും നിലനിർത്താൻ ശ്രമിച്ചിട്ടുണ്ട്. ചിലയിടങ്ങളിലെങ്കിലും ഇത് ദൈവശാസ്ത്രപരമായി ആഴമായ അർഥവും വ്യക്തതയും നല്കുന്നുണ്ട്. ഉദാ: നെഹമിയ. 9:19 പി ഒ സി ബൈബിളിൽ 'പകൽ അവരെ നയിച്ച മേഘസ്തംഭവും രാത്രി അവർക്കു വഴികാട്ടിയ അഗ്നിസ്തംഭവും അവരെ വിട്ടുപോയില്ല' എന്നാണെങ്കിൽ, പരിഷ്കരിച്ച പതിപ്പിൽ മൂലഗ്രന്ഥത്തോടു കൂടുതൽ വിശ്വസ്തതപുലർത്തി 'പകൽ അവരെ വഴിനടത്താനുള്ള മേഘസ്തംഭത്തോടൊപ്പവും രാത്രി അവരുടെ സഞ്ചാരപാത പ്രകാശിപ്പിക്കാനുള്ള അഗ്നിസ്തംഭത്തോടൊപ്പവും ഉണ്ടായിരുന്ന അവിടുന്ന് അവരിൽനിന്നും വിട്ടകന്നില്ല' എന്ന് മൂലഗ്രന്ഥത്തിലേതുപോലെയാക്കി. അവിടുന്ന് അവരെ




വിട്ടുമാറിയില്ല എന്നു വിവർത്തനം വന്നതോടെ ജനത്തോടൊപ്പമുണ്ടായിരുന്നത് അഗ്നിസ്തംഭവും മേഘത്തൂണും മാത്രമായിരുന്നില്ല അവയോടൊപ്പം കർത്താവും ഉണ്ടായിരുന്നു എന്നു വ്യക്തം. ഉത്പത്തി 15:1: കർത്താവിന്റെ വചനം ഇപ്രകാരം ഭവിച്ചു. നിലവിലുണ്ടായിരുന്നത് കർത്താവിന്റെ അരുളപ്പാടുണ്ടായി എന്നാ ണ്. വചനമാണ് എല്ലാ വെളിപാടുകളുടെയും മാധ്യമം എന്നത് ഇവിടെ വ്യക്തമാണ്. പരിഷ്കരിച്ച പതിപ്പിൽ സോളമൻ കർത്താവിനോടു ചോദിക്കുന്നത് ശ്രവിക്കുന്ന ഒരു ഹൃദയമാണ് (1 രാജാ 3:9). വിവേകം എന്ന് പി ഒ സി. ഇപ്രകാരം വിവിധയിടങ്ങളിൽ വ്യക്തത വരുത്തിയിട്ടുണ്ട്. മറ്റുദാഹരണങ്ങൾ: ഉത്പ 15:1; സങ്കീ 2:12; 16:2,3; ലൂക്കാ 10:31; മത്താ 11:28–29.

**2. വാക്യഘടനയിലുള്ള വ്യത്യാസം**

ബൈബിളിലെ പുസ്തകങ്ങൾക്ക് ആദ്യകാലങ്ങളിൽ അധ്യായങ്ങളും വാക്യങ്ങളും തിരിച്ചിരുന്നില്ല. പതിനഞ്ചാം നൂറ്റാണ്ടോടുകൂടിയാണ് അധ്യായങ്ങളും വാക്യങ്ങളും തിരിക്കുന്നത്. അത് പഠനസൗകര്യാർഥം ചെയ്തതാണ്. പഴയനിയമപുസ്തകങ്ങളുടെ കാര്യത്തിൽ ഹീബ്രുമൂലത്തിൽനിന്ന് ഏതാനും പുസ്തകങ്ങളുടെ അധ്യായങ്ങളും വാക്യങ്ങളും വ്യത്യസ്തമായിരുന്നു. പരിഷ്കരിച്ച പതിപ്പിൽ അത് ഹീബ്രുഭാഷയിലുള്ള ഗ്രന്ഥമനുസരിച്ചാക്കിയിട്ടുണ്ട്. ഉദാ: നിലവിലുള്ള പി ഒ സി ബൈബിളിൽ പുറപ്പാട് പുസ്തകം ഏഴാം അധ്യായം 25 വാക്യങ്ങളേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ, ഹീബ്രുമൂലത്തിൽ 29 വാക്യങ്ങളുണ്ട്. അതനുസരിച്ച് പരിഷ്കരിച്ച പതിപ്പിലും 29 വാക്യങ്ങൾ ഉണ്ട്. 26 മുതൽ 29 വരെയുള്ള വാക്യങ്ങൾ നിലവിലുണ്ടായിരുന്ന ബൈബിളിൽ എട്ടാം അധ്യായം 14 വാക്യങ്ങളായാണ് ക്രമീകരിച്ചിരുന്നത്. മറ്റൊരു ഉദാഹരണം 1 ദിനവൃത്താന്തം അഞ്ചാം അധ്യായം 26 വാക്യങ്ങളും ആറാം അധ്യായം 81 വാക്യങ്ങളുമായിരുന്നു. ഇത് ഹീബ്രുമൂലത്തോടു സമാനപ്പെടുത്തി അഞ്ചാം അധ്യായം 41 വാക്യങ്ങളും ആറാം അധ്യായം 66 വാക്യങ്ങളുമാക്കി.

സങ്കീർത്തനപ്പുസ്തകങ്ങളിൽ തലക്കെട്ട് ഹീബ്രുഭാഷയിൽ ഒന്നാമത്തെ വാക്യമായി ഉപയോഗിച്ചിട്ടുണ്ടെങ്കിലും വിവർത്തനങ്ങളിൽ സാധാരണമായി അത് സങ്കീർത്തനത്തിന്റെ വാക്യമായി ഉപയോഗിക്കുന്നില്ലാത്തതിനാൽ മലയാളവിവർത്തനത്തിലും അത് വാക്യമായി ഉപയോഗിച്ചിട്ടില്ല. സങ്കീർത്തനത്തിന്റെ തലക്കെട്ട് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഓരോ സങ്കീർത്തനത്തിനും മുകളിലുള്ള വലിയ അക്ഷരത്തിലുള്ള തലക്കെട്ടല്ല; മറിച്ച്, അതിനു താഴെ ചെറിയ അക്ഷരത്തിൽ ചെരിച്ച് നല്കിയിട്ടുള്ളതാണ്. അപ്രകാരം 116 സങ്കീർത്തനങ്ങൾക്കാണ് തലക്കെട്ടുകളുള്ളത്. ഈ തലക്കെട്ടുകൾ ഒന്നാമത്തെ വാക്യമായിട്ടാണ് ഹീബ്രുമൂലത്തിലുള്ളത്. ഉദാഹരണത്തിന് 51–ാം സങ്കീർത്തനത്തിൽ 'ഗായകസംഘനേതാവിന് ദാവീദിന്റെ സങ്കീർത്തനം.' 'അവൻ ബേത്ഷബായെ പ്രാപിച്ചതിനുശേഷം നാഥാൻ പ്രവാചകൻ അവന്റെ പക്കൽ എത്തിയപ്പോൾ' എന്നത് ആ സങ്കീർത്തനത്തിന്റെ തലക്കെട്ടാണ്. ഹീബ്രുബൈബിളിൽ അത് ആ സങ്കീർത്തനത്തിന്റെ ഒന്നാം വാക്യമാണ്. ഈ ഹീബ്രുക്രമം പരിഷ്കരിച്ച പതിപ്പിൽ ഉപയോഗിച്ചിട്ടില്ല. പുസ്തകങ്ങളിൽ ഖണ്ഡികകൾ തിരിക്കുന്നതും മൂലഗ്രന്ഥത്തിലേതുപോലെയാക്കി മാറ്റിയിട്ടുണ്ട് ഉദാ: ഉത്പ 10:32.

3. മൂലഗ്രന്ഥത്തിൽ ഉണ്ടായിരുന്ന വചനങ്ങളോ വചനഭാഗങ്ങളോ നിലവിലുണ്ടായിരുന്ന പി ഒ സി ബൈബിളിൽ നഷ്ടപ്പെട്ടിരുന്നത് പരിഷ്കരിച്ച പതിപ്പിൽ ചേർത്തിരിക്കുന്നു. ഉദാ: ലേവ്യ 13:28.43: നിയമ 12:10; 2 സാമു 4:6; 8,10 etc.,

4 പ്രാചീനവിവർത്തനങ്ങളിൽ പ്രത്യേകിച്ച് ഗ്രീക്കു വിവർത്തനത്തിൽ വ്യത്യസ്തമായി ഉണ്ടെങ്കിൽ അടിക്കുറിപ്പുകളായി നല്കിയിട്ടുണ്ട്. ഉദാ: 1 സാമു 10:1; ഉത്പ 3:14.

5. സമാനവചനങ്ങളിലേക്കും ഭാഗങ്ങളിലേക്കുമുള്ള സൂചനകളും, ധാരാളം അടിക്കുറിപ്പുകളും വിശദീകരണക്കുറിപ്പുകളും ഉണ്ട്. ഉദാ: ഉത്പ 3:15; 8:4; ലേവ്യ 27:29.

6. ഓരോ പുസ്തകത്തെക്കുറിച്ചും വിശദമായ ആമുഖവിവരണം.

7. മൂലഗ്രന്ഥത്തിൽ കവിതകളായുള്ള ഭാഗങ്ങൾ പരിഷ്കരിച്ച പതിപ്പിൽ കവിതാശൈലിയിൽത്തന്നെ വിവർത്തനം ചെയ്തിട്ടുണ്ട്. ഉദാ: ഉത്പ 3:14–19; 9:67; ജ്ഞാനത്തിന്റെ പുസ്തകം; പ്രവാചകഗ്രന്ഥങ്ങളിൽ ധാരാളം ഭാഗം കവിതാശൈലിയിലാണ്.

8. ബൈബിളിൽ വചനഭാഗങ്ങൾക്കുള്ള തലക്കെട്ടുകൾ വിവർത്തകർ നല്കുന്നതാണ്, പരിഷ്കരിച്ച പതിപ്പിൽ വചനഭാഗങ്ങൾക്കു ചേർന്ന തലക്കെട്ടുകൾ നല്കിയിട്ടുണ്ട്. വലിയ തലക്കെട്ടുകൾ നല്കുന്നത് വിവർത്തകരാണ്. കൂടുതൽ വ്യക്തമായ തലക്കെട്ടുകൾ നല്കിയിട്ടുണ്ട്. ഉദാ: ഒന്നാം സങ്കീർത്തനം–നീതിമാന്റെയും ദുഷ്ടന്റെയും മാർഗങ്ങൾ. ദൈവം പ്രപഞ്ചസ്രഷ്ടാവ് എന്ന് ഉത്പത്തിയുടെ ആദ്യതലക്കെട്ട്, പുറപ്പാട് 33, ലേവ്യ 16.

9. മലയാളഭാഷാശൈലിക്കുവേണ്ടി എന്തെങ്കിലും മൂലഗ്രന്ഥത്തിൽനിന്നു മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ മൂലഭാഷയിൽ പറയുന്ന കാര്യം അടിക്കുറിപ്പായി ചേർത്തിട്ടുണ്ട്. ഉദാ: 1 രാജാ 3:7, ദാനി 13:15 ന്റെ അടിക്കുറിപ്പ്.

10. ആലങ്കാരികപ്രയോഗങ്ങളുടെ അർഥം അടിക്കുറിപ്പായി നല്കുന്നുണ്ട്. ഉദാ: ലേവ്യ 26:26.

11. മറ്റു വിവർത്തനസാധ്യതകൾ അടിക്കുറിപ്പായി നല്കിയിട്ടുണ്ട്. ഉദാ: ലേവ്യ 25:51; സംഖ്യ 33:4.

12. മൂലഭാഷയിലില്ലാത്ത വാക്കുകൾ മലയാളഭാഷയുടെ ഒഴുക്കിനുവേണ്ടി ചേർത്തിട്ടുണ്ടെങ്കിൽ അത് ചെരിച്ചു നല്കിയിരിക്കുന്നു. ഉദാ: 2 രാജാ 12:13 'ഉപയോഗിക്കുമായിരുന്നു' എന്ന വാക്ക്.

---

*ലേഖകൻ പി ഒ സി ബൈബിൾ റിവിഷൻ കോർടീം മെമ്പറാണ്*

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. സിറിയക് തടത്തിൽ

അസി. മാനേജർ : ഫാ. മാത്യു തെന്നാട്ടിൽ

വിവേകം നേടിയവനും ശ്രദ്ധാലുക്കളായ ശ്രോതാക്കളോട് സംസാരിക്കുന്നവനും ഭാഗ്യവാൻ.

പ്രഭാഷകൻ 25:9

**എഡിറ്റോറിയൽ**

# കടങ്കഥയാവുന്ന കർഷകദുരിതം

**കേ**രളത്തിലെ കൃഷിശാസ്ത്രജ്ഞന്മാരുടെ ഗവേഷണത്തിനു മുഞ്ഞ ബാധിച്ചെന്നും കഴിഞ്ഞ 50 വർഷമായി ഗവേഷണകേന്ദ്രങ്ങളിലെ ശാസ്ത്രജ്ഞർ നൽകിയ സംഭാവന വട്ടപ്പൂജ്യമാണെന്നും താമരശേരി രൂപതാധ്യക്ഷനും ഇൻഫാം രക്ഷാധികാരിയുമായ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ഇക്കഴിഞ്ഞ ദിവസം നടത്തിയ പ്രസ്താവന ആലോചിക്കാൻ വകയുള്ള ഒന്നാണ്. ഇൻഫാം (ഇന്ത്യൻ ഫാർമേഴ്സ് മൂവ്മെന്റ്) അംഗങ്ങളായ കർഷകരുടെ മക്കളിൽ വിവിധ പരീക്ഷകളിൽ മികച്ച വിജയം നേടിയവരെ അനുമോദിക്കാൻ കാഞ്ഞിരപ്പള്ളിയിൽ ചേർന്ന സമ്മേളനം ഉദ്ഘാടനംചെയ്യുകയായിരുന്നു അദ്ദേഹം.

കൃഷിയെയും കർഷകനെയും ഉദ്ധരിക്കാനായി സംസ്ഥാനത്തു നിലവിലുള്ള ഗവേഷണകേന്ദ്രങ്ങളുടെ ലിസ്റ്റെടുത്താൽ ആരും അദ്ഭുതം കൂറും. നെല്ലിനും കാപ്പിക്കും റബറിനും ഏലത്തിനും ഇഞ്ചിക്കും പുൽതൈലത്തിനും ഏത്തവാഴയ്ക്കും കരിമ്പിനും കുരുമുളകിനും കശുവണ്ടിക്കും കൈതച്ചക്കയ്ക്കുമുൾപ്പെടെ പലതിനും ഒന്നിലധികം ഗവേഷണകേന്ദ്രങ്ങളുണ്ട് ഇവിടെ. പക്ഷേ, കർഷകന്റെ കുട്ട എന്നും വെള്ളത്തിലാണെന്നു മാത്രം! കുറെ വിത്തും തൈയും വിതരണം ചെയ്യുന്നതിനപ്പുറം കേരളത്തിന്റെ കാർഷികവികസനത്തിനു മേല്പറഞ്ഞ സ്ഥാപനങ്ങൾ എന്തു സംഭാവന നല്കിയെന്നതു നാം ചിന്തിക്കേണ്ട കാര്യംതന്നെയാണ്. കർഷകന്റെ നടുനിവർക്കാൻ ഈവക സ്ഥാപനങ്ങൾക്കും ഇതിൽ ശമ്പളംപറ്റി കഴിയുന്നവർക്കും ഇന്നേവരെ കഴിഞ്ഞിട്ടില്ലായെന്നതാണു വാസ്തവം.

ഇതുതന്നെയാണ് ഇൻഫാം രക്ഷാധികാരിയായ ബിഷപ് മാർ റെമീജിയോസ് ഇഞ്ചനാനിയിൽ ചൂണ്ടിക്കാട്ടുന്നത്: കർഷകർ നേരിടുന്ന പ്രതിസന്ധികൾക്ക് ഉത്തരം കാണാൻ ശാസ്ത്രജ്ഞർക്കു കഴിഞ്ഞിട്ടില്ല. ഗവേഷണകേന്ദ്രത്തിലൂടെ ഒരു പരിഹാരവും കണ്ടെത്തിയിട്ടില്ല. തെങ്ങിനു കാറ്റുവീഴ്ചയും കുരുമുളകിനു ദ്രുതവാട്ടവും നെല്ലിനു മുഞ്ഞയും ബാധിച്ചു. എന്നാൽ, ഗവേഷണത്തിലൂടെ ഒരു പരിഹാരവും കണ്ടിട്ടില്ലാത്തതിനാൽ ശാസ്ത്രജ്ഞരുടെ ഗവേഷണത്തിനും മുഞ്ഞ ബാധിച്ചുവെന്നാണ് അദ്ദേഹം വിമർശനരൂപേണ പറഞ്ഞത്. വാസ്തവമല്ലേ ഇത്? കർഷകരുൾപ്പെട്ട സാധാരണക്കാരുടെ നികുതിപ്പണമാണ് ഈ കൃഷിശാസ്ത്രജ്ഞരെയും തീറ്റിപ്പോറ്റുന്നതെന്നോർക്കണം.

കേരളത്തിലെ കർഷകകുടുംബങ്ങളുടെ അവസ്ഥ സംബന്ധിച്ച് സംസ്ഥാനസാമ്പത്തികസ്ഥിതിവിവരവകുപ്പ് നടത്തിയ സർവേയിലെ കണ്ടെത്തലുകളനുസരിച്ച് സംസ്ഥാനത്തെ 19.47 ലക്ഷം ഗ്രാമീണകർഷകകുടുംബങ്ങൾക്കു കൃഷിയിലൂടെ മാസം കിട്ടുന്നത് ശരാശരി 8469 രൂപ മാത്രമാണ്. കേരളകർഷകന്റെ ദുരവസ്ഥ എത്ര ദയനീയമെന്നു നോക്കുക. ഇവിടെ പ്രകൃതിക്ഷോഭമുണ്ടായാൽ, പ്രളയമുണ്ടായാൽ അതു കർഷകൻ കപ്പയിട്ടതുകൊണ്ടും കല്ലിളക്കിയതുകൊണ്ടുമാണെന്നു പറയുന്ന കപടപരിസ്ഥിതവാദികളും അവരുടെ മൂടു താങ്ങുന്ന മാധ്യമത്തൊഴിലാളികളും അരങ്ങുവാഴുന്ന നാട്ടിൽ പാവം കർഷകന്റെ രോദനം ആരു കേൾക്കാൻ?

മറ്റു തൊഴിലുകളിൽനിന്നുള്ള വരുമാനംകൊണ്ടാണ് ഇന്നു പല കർഷകകുടുംബങ്ങളും ജീവിക്കുന്നത്. പാരമ്പര്യകൃഷിക്കാർതന്നെയും മറ്റു തൊഴിലുകളിലേക്കു മാറിയിരിക്കുന്നു. തങ്ങൾ അനുഭവിക്കുന്ന ദുരിതം മക്കൾക്കുണ്ടാകരുതെന്ന ചിന്തയിൽ എത്രയോ കുടുംബനാഥന്മാരാണ് മക്കളെ വിദേശത്തയച്ച് സുവർണഭാവി സ്വപ്നം കണ്ടു കഴിയുന്നത്! പലരും ഉള്ള പറമ്പും വീടും പണയപ്പെടുത്തിയാണ് ഈ സാഹസത്തിനു മുതിർന്നിരിക്കുന്നത്.

ഉള്ളതുപറഞ്ഞാൽ സംസ്ഥാനത്തെ ഗ്രാമീണസമ്പദ്‌വ്യവസ്ഥ കാർഷികേതരമായി മാറിക്കൊണ്ടിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷമാണ് ഇന്നു കേരളം അഭിമുഖീകരിക്കുന്നത്. ഉത്പാദനച്ചെലവു കൂടുകയും ഉത്പാദനം കുറയുകയും ചെയ്യുന്നിടത്ത് ഒരു കർഷകന് എത്രനാൾ പിടിച്ചുനിൽക്കാൻ കഴിയും? അങ്ങനെ വരുമ്പോൾ അവൻ മറ്റു വഴി തേടുന്നു. രാസവളങ്ങളുടെയും കീടനാശിനികളുടെയും കാർഷികോപകരണങ്ങളുടെയും വില ഓരോ വർഷവും വർധിച്ചുകൊണ്ടിരിക്കുന്നു; എന്നാൽ, വിളകളുടെ വിലയിൽ ഒട്ടു സ്ഥിരതയില്ലതാനും. ഉത്പാദനച്ചെലവുമായി തട്ടിച്ചുനോക്കുമ്പോൾ എത്രയോ അപര്യാപ്തമാണ് കർഷകന്റെ ഉത്പന്നങ്ങൾക്കു കിട്ടുന്ന വില! എത്ര ത്യാഗം സഹിച്ചിട്ടും, കാലാവസ്ഥാവ്യതിയാനവും രോഗ-കീടബാധകളും കീടനാശിനികളെ അതിജീവിക്കുംവിധം കീടങ്ങളിലുണ്ടായ ജനിതകവ്യതിയാനവും കർഷകനു തിരിച്ചടിയാവുന്നു.

മഴയെ ആശ്രയിച്ചുള്ള കൃഷി കർഷകന് ഇന്ന് ഒരോർമ മാത്രമാണ്; അതിതീവ്രമഴയും കടുത്ത ചൂടും എല്ലാം താളം തെറ്റിച്ചിരിക്കുന്നു. കർഷകരക്ഷയ്ക്കെന്ന പേരിൽ സർക്കാർ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ പലതും ഫലത്തിൽ കർഷകനു നേരേ കൊഞ്ഞനംകുത്തുന്ന സ്ഥിതിയാണ്. ഇതിനുപുറമേയാണ് കർഷകൻ നേരിടുന്ന വന്യമൃഗശല്യം. അതിന്റെ ഭീകരത അനുദിനം കൂടുന്നതല്ലാതെ കുറയുന്നില്ല. ആനയ്ക്കും പുലിക്കും കടുവയ്ക്കുംവേണ്ടി വകുപ്പുകൾ നിരത്തുന്ന മന്ത്രിമാർക്കും ഉദ്യോഗസ്ഥർക്കും പഞ്ഞമില്ലാത്ത നാട്ടിൽ കർഷകരോദനത്തിന് എന്തുവില? എങ്കിലും അളമുട്ടിയാൽ ചേരയും കടിക്കും എന്ന ചൊല്ല് അധികാരികൾ ഓർത്തിരുന്നാൽ നന്ന്.

# സമാധാനം തേടുന്ന വർത്തമാനകാല നിലവിളികൾ

*1-ാം പേജ് തുടർച്ച*

**എന്തുകൊണ്ട് ഇപ്പോൾ ഈ ആക്രമണം?**

എന്തുകൊണ്ട് ഇപ്പോൾ ഈ ആക്രമണം എന്ന ചോദ്യംപോലെതന്നെ പ്രസക്തമാണ് എന്തുകൊണ്ട് ഇറാനെമാത്രം എന്നുള്ളത്. ഇസ്രായേൽ എന്ന ജൂതരാഷ്ട്രത്തെ ഭൂമിയിൽനിന്നു തുടച്ചുനീക്കുക എന്ന ലക്ഷ്യത്തിലേക്കുമാത്രമാണ് വർഷങ്ങളായി ഇറാൻ എന്ന മതരാഷ്ട്രം ശ്രമിക്കുന്നത് എന്ന് ഇസ്രായേലിനു വ്യക്തമായി അറിയാം.

അയത്തുള്ള ഖമനെയി അത് പരസ്യമായി പ്രസ്താവിച്ചിട്ടുമുണ്ട്. ഹമാസ്, ഹിസ്ബുള്ള, ഹൂതികൾ തുടങ്ങി അറിയപ്പെടുന്നതും അല്ലാത്തതുമായ ഭീകരസംഘടനകൾക്ക് ഇസ്രായേലിനെതിരേ പ്രവർത്തിക്കാൻ പണവും ആയുധങ്ങളും സാങ്കേതികസഹായവും നൽകുന്നതും ഇറാനാണ്. അപക്വമായ മതരാഷ്ട്രവാദം ഭരിക്കുന്ന ഇറാന്റെ പക്കൽ ആണവായുധം ഉണ്ടാകുന്നത് ഇസ്രായേലിന്റെ നാശത്തിനാണ് എന്നത് അവർക്കു വ്യക്തമായി അറിയാം. ഒപ്പംതന്നെ സുന്നി മുസ്ലിം രാഷ്ട്രങ്ങൾക്കും ഇതു ഭീഷണിയാണ്. പശ്ചിമേഷ്യയിൽ ഭീഷണിയിലൂടെ ഇസ്ലാമിക രാഷ്ട്രങ്ങളുടെ നേതാവ് എന്ന നിലയിൽ അപ്രമാദിത്വം നേടാനായിരുന്നു ഇറാന്റെ ശ്രമം.

ആണവപരീക്ഷണങ്ങൾ സംബന്ധിച്ച് ഇറാൻ യു.എന്നിന്റെ നോൺ പ്രോലിഫറേഷൻ ട്രീറ്റി(NPT) യിൽ അംഗമാവുകയുണ്ടായി. ഇതിൽ അംഗമായിരിക്കുന്നവർ ആണവോർജം സമാധാനപരമായ ആവശ്യങ്ങൾക്കു മാത്രമേ ഉപയോഗിക്കാവൂ എന്നാണ് നിയമം. മാത്രമല്ല ഇന്റർനാഷണൽ ആറ്റോമിക് എനർജി ഏജൻസിയുടെ(IAEA) എല്ലാ പരിശോധനകൾക്കും നിരീക്ഷണങ്ങൾക്കും വിധേയമാവുകയും പ്രവർത്തനങ്ങൾ സുതാര്യമാവുകയും വേണം. 2006 ആയപ്പോഴേക്കും വൈദ്യുതോൽപാദനത്തിന് ആവശ്യമായ വിധം 3.5 ശതമാനം യുറേനിയം സമ്പുഷ്ടീകരണത്തിനുള്ള സാങ്കേതികവൈദഗ്ധ്യം ഇറാൻ നേടിയിരുന്നു. 2010 ലെ IAEA റിപ്പോർട്ടനുസരിച്ച് ഇറാന്റെ ആണവ റിയാക്ടറുകൾ 19.5 ശതമാനം യുറേനിയം സമ്പുഷ്ടീകരണശേഷിയിലെത്തി. 2024 ൽ പുറത്തുവന്ന റിപ്പോർട്ടു പ്രകാരം 60% യൂറേനിയം സമ്പുഷ്ടീകരണശേഷി ഇറാനു കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഇത് 90 ശതമാനത്തിലേക്ക് എത്തിയാൽ ആണവായുധനിർമ്മാണത്തിനുള്ള ശേഷി കൈവരിക്കാൻ സാധിക്കും. 60 ൽ നിന്നും 90 ലേക്ക് എത്താൻ അധികസമയവും പ്രയത്നവും വേണ്ടതില്ല. കഴിഞ്ഞ ജൂൺ 12 ന് IAEA പുറപ്പെടുവിച്ച റിപ്പോർട്ടിൽ ഇറാൻ തങ്ങളുടെ റിയാക്ടറുകളിൽ പരിശോധനകൾ അനുവദിക്കുന്നില്ല എന്നും എം പി ടി നിബന്ധനകൾ പാലിക്കുന്നില്ല എന്നും പറയുന്നു. ഇറാൻ ആണവശക്തിയാവുന്നത് നിലനില്പിന് ഭീഷണിയാകുന്ന രാഷ്ട്രം എന്ന നിലയിൽ ഇത് ഇസ്രായേലിനെ പ്രകോപിപ്പിച്ചിട്ടുണ്ട്.

തികച്ചും ഉചിതവും ബുദ്ധിപൂർവകവുമായ സമയമാണ് ഇറാനെ ആക്രമിക്കാൻ നെതന്യാഹു തിരഞ്ഞെടുത്തത്. സാമ്പത്തിക ഉപരോധം വലയ്ക്കുന്ന ഇറാന് സാങ്കേതികവൈദഗ്ധ്യമുള്ള ഒരു വ്യോമസേന ഇല്ലാത്തത് 1800 കിലോമീറ്റർ ആകാശദൂരമുള്ള ഇസ്രായേലിനെ നേരിട്ട് ആക്രമിക്കുന്നതിൽ നിന്നു പിന്നോട്ടടിക്കുന്നു. മിസൈൽശക്തി മാത്രമാണ് അവർക്കുള്ളത്. തൊട്ടടുത്തുള്ള രാജ്യങ്ങളല്ലാത്തതിനാൽ ഒരു കരയുദ്ധവും അപ്രാപ്യമാണ്. ഒക്ടോബർ 7 ആക്രമണത്തിനു ശേഷം ഇറാന്റെ പ്രോക്സികൾ ആയ ഹമാസും ഹിസ്ബുള്ളയും ഏകദേശം നിലംപറ്റിക്കഴിഞ്ഞു. ഹൂതികളെ അമേരിക്കൻ സേനയുംകൂടിച്ചേർന്ന് അടിച്ചൊതുക്കിക്കഴിഞ്ഞു. ഭീകരസംഘടനകൾക്കപ്പുറം ഇറാനു പിന്തുണ നൽകിയിരുന്ന രാഷ്ട്രം സിറിയ ആയിരുന്നു. എന്നാൽ, സിറിയൻ പ്രസിഡണ്ട് ബാഷർ അൽ അസദിനെ സ്ഥാനഭ്രഷ്ടനാക്കി വിമതർ അധികാരം പിടിച്ചതോടെ ആ ഭീഷണിയും ഇല്ലാതായി. ഇതിനു പിന്നിലും അമേരിക്കൻ - ഇസ്രായേൽ അച്ചുതണ്ടാണെന്നു പറയപ്പെടുന്നു.

ഇറാന്റെ ഒരു പ്രധാന സഖ്യകക്ഷിയായ റഷ്യ ഉക്രൈൻ യുദ്ധത്തിൽപ്പെട്ടു കിടക്കുകയാണ്. ആ ഭാഗത്തുനിന്നുള്ള ആയുധസഹായം ലഭിക്കാൻ ബുദ്ധിമുട്ടാണ്. ചൈനയാവട്ടെ, ഒരിക്കലും ഒരു സുഹൃദ്‌രാജ്യത്തെ സഹായിക്കാൻ തങ്ങളുടെ സൈന്യത്തെ ഇറക്കിയ ചരിത്രവുമില്ല. ഏതാണ്ട് ചിറകൊടിഞ്ഞിരിക്കുന്ന ഇറാനെ അടിക്കാൻ ഇതിലും പറ്റിയ സമയമില്ല എന്ന് യുദ്ധതന്ത്രജ്ഞനായ നെതന്യാഹുവിനറിയാം. പതിനഞ്ചാം തീയതി അമേരിക്കയുമായുള്ള ആറാമത്തെ ആണവചർച്ച നടക്കാനിരിക്കെ ഇങ്ങനെ ഒരു ആക്രമണം അവർ സ്വപ്നത്തിൽപോലും പ്രതീക്ഷിക്കുകയുമില്ല. ആണവനിർവ്യാപനം സംബന്ധിച്ച് അമേരിക്ക ഇറാനു നൽകിയ 60 ദിവസത്തെ അന്ത്യശാസനം അവസാനിച്ചതിന്റെ പിറ്റേദിവസമായിരുന്നു ഇസ്രായേലിന്റെ ആക്രമണം എന്നതും ഒരു മികച്ച നടപടിയെന്ന് ട്രംപ് പ്രശംസിച്ചതും ഇതിൽ അമേരിക്കയുടെ പങ്ക് എടുത്തുകാട്ടുന്നു. ഒപ്പംതന്നെ ഇറാൻ ഒരു ആണവരാജ്യമാകുന്നതിനെ ഭയക്കുന്ന അറബ് രാജ്യങ്ങളുടെ എല്ലാം രഹസ്യപിന്തുണയും, ബ്രിട്ടൻ, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളുടെ പിന്തുണയും ഇസ്രായേൽ നേടിയിരുന്നു. ഇറാനിലേക്കുള്ള ഫൈറ്റർ ജെറ്റുകളിൽ പലതിനും ഇന്ധനം നിറയ്ക്കാൻ സൗകര്യം ചെയ്തുകൊടുത്തത് ഖത്തർ ആയിരുന്നു എന്നതും, ഇസ്രായേലിലേക്ക് ഇറാൻ അയച്ച ഡ്രോണുകൾ പലതും തകർത്തത് ജോർദാനാണെന്നും കൂട്ടിവായിക്കുമ്പോൾ ചിത്രം വ്യക്തമാകും.

**പരിണതഫലങ്ങൾ**

യുദ്ധം അവസാനിപ്പിക്കാൻ ഖത്തർ, ഒമാൻ, തുർക്കി തുടങ്ങിയ രാഷ്ട്രങ്ങളുടെ സഹായം ഇറാൻ തേടിയിട്ടുണ്ട്. ഇസ്രായേലിന്മേൽ അമേരിക്കൻസമ്മർദ്ദം വർധിപ്പിച്ചു യുദ്ധം തടയാനാണ് ഇറാൻ ഈ രാജ്യങ്ങളോട് ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ, ആണവനിർവ്യാപനം സംബന്ധിച്ച കാര്യങ്ങളിൽ തനിക്കു വഴങ്ങാത്ത ഇറാനെ എത്രത്തോളം ട്രംപ് സഹായിക്കും എന്നു കണ്ടറിയണം. പ്രത്യേകിച്ച്, പശ്ചിമേഷ്യയിലേക്ക് അമേരിക്കയും യുദ്ധസന്നാഹം നീക്കിയ ഈ വേളയിൽ!

ഉടനടി പരിഹാരം കാണാതെ യുദ്ധം നീളുന്നപക്ഷം പല ലോകരാജ്യങ്ങളും യുദ്ധത്തിൽ പങ്കാളികളാകേണ്ടിവരികയും വലിയൊരു യുദ്ധത്തിലേക്കു ലോകം നീങ്ങുകയും ചെയ്യും.

*ശേഷം 13-ാം പേജിൽ*



# പിങ്ക്ളാങ്കിയും അഞ്ച് മാലാഖമാരും

8

ബാലനോവൽ

പുഷ്പമ്മ ചാണ്ടി

രാവിലെ അമ്മ സ്കൂട്ടിയെടുത്തു കടയിൽപോയി. സിസിലിയാന്റി വീടെല്ലാം വൃത്തിയാക്കുന്ന സമയം പിങ്ക്ളാങ്കിയും പിപ്പിനും മാലാഖമാരുടെ മുറിയിൽ എത്തി. മാലാഖമാർ, അവനോടു വിശേഷങ്ങൾ ചോദിച്ചു. സ്കൂൾ തുറക്കാൻ ഇനി രണ്ടാഴ്ചയേയുള്ളൂ. പഠിത്തം ഉഴപ്പരുതെന്ന് മിഖായേൽമാലാഖ പറഞ്ഞു. ഏരിയൽ വാത്സല്യത്തോടെ പിപ്പിനെ കളിപ്പിച്ചു.

ജോഫിയേൽമാലാഖ സ്കൂളിൽ അവന്റെ ക്ലാസ്സിലെ കുട്ടികൾ എല്ലാവരും ചേർന്ന് സ്കൂൾ തുറക്കുമ്പോൾ ഒരു ചെറിയ തോട്ടം ഉണ്ടാക്കാൻ മുൻകൈ എടുക്കാൻ പറഞ്ഞു. റാഫേൽ മാലാഖ അവന്റെ തലയിൽ തലോടി.

സിസിലിയാന്റി താഴത്തെ ജോലി തീർക്കുന്നതിനുമുമ്പേ ഐവാൻ മുറ്റത്തേക്കു പോയി.

പിപ്പിൻ അവിടെയെല്ലാം ഓടിക്കളിച്ചു.

അവന്റെ കൂടുപണിയുന്നിടത്തു കുറച്ചുസമയം നോക്കിനിന്നു. ഏകദേശം തീരാറായി. കൂടിന് ഇനി ഗേറ്റ് പിടിപ്പിക്കണം. അതും കൊണ്ടുവന്നു വച്ചിട്ടുണ്ട്.


അതിനുള്ളിൽ അമ്മ തിരികെ വന്നു. ഉച്ചകഴിഞ്ഞ് കുറച്ചു സമയംകൂടി വീട്ടിൽ നിൽക്കാമോ എന്ന് സിസിലിയാന്റിയോടു ചോദിച്ചു. ഐവാനും അമ്മയ്ക്കും സ്കൂളിൽ പോകണം. ഇന്നാണ് അഞ്ചാം ക്ലാസ്സിലെ കുട്ടികൾക്ക് പുതിയ പാഠപുസ്തകങ്ങൾ വാങ്ങേണ്ട ദിവസം. കൂടാതെ, യൂണിഫോമിന്റെ അളവും കൊടുക്കണം.

പിപ്പിനെ സിസിലിയാന്റിയോടു നോക്കാൻ പറഞ്ഞേല്പിച്ച് അമ്മയും മകനും സ്കൂളിലേക്കു പുറപ്പെട്ടു. ഐവാന് സ്കൂളിൽ പോകുന്നതു സന്തോഷമാണ്. കൂട്ടുകാരോടൊക്കെ പിപ്പിന്റെ കാര്യം പറയണം. ശ്ശൊ, ഒരു ഫോട്ടോ എടുക്കേണ്ടതായിരുന്നു; എല്ലാവരെയും കാണിക്കാൻ. സ്കൂൾ തുറന്നാൽ പിന്നെ അമ്മയുടെ ഫോൺ കിട്ടില്ല. അത് ഓർക്കാഞ്ഞതിൽ കുറച്ച് ഇച്ഛാഭംഗം തോന്നി.

സ്കൂളിൽ കൂട്ടുകാർ എല്ലാവരും വന്നിട്ടുണ്ട്. അവരുടെ കൂടെവന്നത് കൂടുതലും അമ്മമാരായിരുന്നു. പുതിയ പുസ്തകങ്ങൾ വാങ്ങി. യൂണിഫോമിന് അളവെടുക്കാൻ നിന്നപ്പോൾ വിശാൽ ഓടിവന്ന് ഐവാനോട് ഒരു സങ്കടവാർത്ത പറഞ്ഞു. അവരുടെ കൂട്ടുകാരൻ അശ്വിന് ബ്ലഡ് ക്യാൻസറാണെന്ന്. അവൻ കുറെ നാളുകൾ ആശുപത്രിയിലായിരുന്നു. ഐവാൻ ഇതു കേട്ടു കരഞ്ഞുപോയി. അശ്വിൻ നാരയണനുമായി എൽ.കെ.ജി മുതൽ ഒന്നിച്ചുപഠിക്കാൻ തുടങ്ങിയതാണ്. നല്ല കൂട്ടുകാരൻ.

"അവന് എന്തെങ്കിലും പറ്റുമോ?" വിശാലിനോട് ഐവാൻ ചോദിച്ചു.

"അതറിയില്ല, അശ്വിന്റെ അമ്മ, എന്റെ അമ്മയുടെകൂടെ പഠിച്ചതാണ്, അങ്ങനെയാണ്



ഞാൻ ഇത് അറിഞ്ഞത്, അവൻ വല്ലാതെ മെലിഞ്ഞുപോയെന്ന്. കീമോതെറാപ്പി തുടങ്ങി, നീ ഈ കാര്യം ആരോടും പറയരുത്."

"അമ്മയോടും പപ്പയോടും പറയട്ടേ?"

"അവരോടു പറഞ്ഞോ."

വന്നപ്പോൾ തോന്നിയ സന്തോഷം ഒക്കെ മാഞ്ഞുപോയി. വീട്ടിൽ എത്തുന്നവരെ ഐവാൻ മൂകനായിരുന്നു.

"എന്താടാ ഒരു വിഷമം? പിപ്പിനെ വീട്ടിൽ വിട്ടിട്ടു വന്നതു കൊണ്ടാണോ?"

"അല്ലമ്മേ, എന്റെ കൂടെ പഠിക്കുന്ന അശ്വിൻ നാരായണനെ അമ്മയ്ക്കറിയില്ലേ?"

"അവന് എന്തുപറ്റി?"

"അവനു ബ്ലഡ് ക്യാൻസറാണെന്ന് വിശാൽ പറഞ്ഞു. അവൻ വല്ലാതെ മെലിഞ്ഞുപോയെന്നും വിശാൽ പറഞ്ഞു."

"അശ്വിന്റെ അച്ഛൻ, ബെന്നിച്ചായന്റെകൂടെ പഠിച്ചതാ..."

"അമ്മ ബെന്നിച്ചായനെ ഒന്നു വിളിച്ചുചോദിക്കുമോ?"

"ആ വിളിക്കാം."

പിപ്പിൻ വന്നു കാലിൽ ഉരുമ്മി. പിങ്ക്ളാങ്കി അവനോടു പറഞ്ഞു:

"എന്റെ കൂട്ടുകാരനു വയ്യാ, നമുക്ക് റാഫേൽമാലാഖയോടു പറയാം, അവനെ സുഖപ്പെടുത്താൻ."

അമ്മ എങ്ങോട്ടെങ്കിലും ഒന്നു മാറാൻ അവൻ കാത്തിരുന്നു, പക്ഷേ, അമ്മയുടെ കണ്ണുവെട്ടിക്കാൻ സാധിച്ചില്ല.

അമ്മ ബെന്നിച്ചായനെ വിളിച്ചു. പക്ഷേ, ബെന്നിച്ചായൻ ഈ വിവരം അറിഞ്ഞില്ല എന്നു പറഞ്ഞു.

പതിവുപോലെ അമ്മ കുളിക്കാൻ പോയ നേരംനോക്കി, പിപ്പിനെയും കൂട്ടി മാലാഖമാരെ കാണാൻ പോയി.

"റാഫേൽമാലാഖ എനിക്ക്, ഒരു റിക്വസ്റ്റ് ഉണ്ട്."

"എന്താ കേൾക്കട്ടെ."

"എന്റെ കൂട്ടുകാരൻ അശ്വിൻ നാരായണൻ, അവനു സുഖമില്ല, ബ്ലഡ് കാൻസർ, മാലാഖ അവനെ സുഖപ്പെടുത്തണം. ഞാൻ പ്രാർത്ഥിക്കാം പ്ലീസ്... അവനൊന്നും പറ്റരുത്."

"ശരി ഞാൻ അവനെ ഒന്നു പോയി കാണട്ടെ."

"കാണാനോ?"

"അതേ, ഞാൻ ഇന്നാളൊരിക്കൽ നിന്നെ കാണാൻ വന്നില്ലേ? അതുപോലെ."

"ശരി, പക്ഷേ, അവൻ ഹിന്ദുക്കുട്ടിയാണ്. കുഴപ്പമുണ്ടോ? ക്രിസ്ത്യാനികളെമാത്രമേ സുഖപ്പെടുത്തത്തൊള്ളോ?"

"ദൈവത്തിനും മാലാഖാമാർക്കും ജാതിയും മതവും ഒന്നുമില്ല. ചെറിയ കുട്ടികളും വലിയവരും എല്ലാവരും ദൈവത്തിന്റെ മക്കളാണ്. നീ ഞങ്ങളുടെ കൂട്ടുകാരനല്ലേ, നീ ഒരു കാര്യം ആവശ്യപ്പെട്ടാൽ ഞങ്ങൾ കേൾക്കാതിരിക്കുമോ? ഞാൻ വാക്കുതരുന്നു, ആ കുഞ്ഞ് സുഖപ്പെട്ടിരിക്കും. നിന്റെ വിശ്വാസമാണ് ഞങ്ങളെക്കൊണ്ട് ഇതു ചെയ്യിക്കുന്നത്. നീ സമാധാനമായി പോകൂ."

"ഏയ്ഞ്ചൽ പ്രോമിസ്?"

"അതേ, ഏയ്ഞ്ചൽ പ്രോമിസ്." മാലാഖ തന്റെ ചെറുവിരൽ അവന്റെ ചെറുവിരലിനോടു കോർത്തുപിടിച്ചു.

അവനുറപ്പാണ്, മാലാഖ പറഞ്ഞാൽ തീർച്ചയായും അതു ചെയ്യും.

രാത്രിയിൽ ഉറങ്ങാൻ കിടന്ന സമയമെല്ലാം അശ്വിനെയോർത്ത് അവൻ പ്രാർത്ഥിച്ചു.

"അശ്വിന്റെ രോഗം ഭേദമാക്കണേ."

രാത്രിയിൽ സ്വപ്നത്തിലും റാഫേൽമാലാഖയെ അവൻ കണ്ടു.

രാവിലെ എഴുന്നേറ്റപ്പോൾ ത്തന്നെ അമ്മയുടെ കൈയിൽ നിന്നു ഫോൺ വാങ്ങി. വിശാലിനെ വിളിക്കണം. മാലാഖമാരോടു സംസാരിച്ചത് പറയാൻ സാധിക്കില്ല, ആരും അതു വിശ്വസിക്കില്ല, എന്നാലും പ്രാർത്ഥിക്കാൻ പറയാം.

"വിശാൽ, നമ്മൾ റാഫേൽ മാലാഖയോടു പ്രാർത്ഥിച്ചാൽ അശ്വിന്റെ അസുഖം മാറും."

"എടാ, ഇതു പനിയല്ല, കാൻസർ ആണ് കാൻസർ."

"അതേ എനിക്കറിയാം, എന്നാലും നമ്മൾ പ്രാർത്ഥിച്ചാൽ മാലാഖ കേൾക്കും."

"ഞാൻ ഒരു ഹിന്ദു, അശ്വിൻ ഒരു ഹിന്ദു, മാലാഖ കേൾക്കുമോ?"

"മാലാഖയ്ക്ക് ക്രിസ്ത്യാനി, ഹിന്ദു, മുസ്ലിം എന്നൊന്നും ഇല്ല എല്ലാവരും ദൈവത്തിന്റെ മക്കളല്ലേ?'

"എനിക്ക് എങ്ങനെ പ്രാർത്ഥിക്കണം എന്ന് അറിയില്ല."

'നീ അശ്വിന്റെ അസുഖം മാറ്റിത്തരണമേ എന്നുമാത്രം പറഞ്ഞാൽ മതി.'

"ശരി, നീ പറഞ്ഞാൽ ഞാൻ ചെയ്യാം."

"പ്രോമിസ് ആണോ?"

"ഇതിനൊക്കെ ഞാൻ കള്ളം പറയുമോ? നിന്നെപ്പോലെ അവനും എന്റെ കൂട്ടുകാരൻ അല്ലേ? പ്രോമിസ്! ഞാൻ പ്രാർത്ഥിക്കും."

ഫോൺ വച്ചപ്പോൾ എന്തോ ഒരു ആശ്വാസം തോന്നി പിങ്ക്ളാങ്കിക്കും.

ഒരു ദിവസം അമ്മ പപ്പയോടു പറയുന്നതു കേട്ടു:

"ആ മാലാഖമാരുടെ രൂപം ഇവിടെ കൊണ്ടുവെച്ചിട്ടു കുറെ നാളായല്ലോ, ആ പള്ളിപണി ഇതുവരെ കഴിഞ്ഞില്ലേ ആവോ."

അതു കേട്ടപ്പോൾ പിങ്ക്ളാങ്കിക്കു വിഷമവും സങ്കടവുമായി. പള്ളി പണിതുകഴിഞ്ഞാൽ മാലാഖമാർ പോകും. അവനതു ചിന്തിക്കാൻകൂടി വയ്യാ. മാലാഖാമാരുമായി അത്രയ്ക്ക് അടുപ്പമായി. അവർക്കും ഇവിടെനിന്നു പോകുന്നതു വിഷമമായിരിക്കും.

ദിവസങ്ങൾ അങ്ങനെ പോയി സ്കൂൾ തുറക്കാൻ ഇനി ഒരാഴ്ചയേയുള്ളൂ. ദിവസവും ഒരു പ്രാവശ്യമെങ്കിലും പിങ്ക്ളാങ്കി മാലാഖമാരെ സന്ദർശിക്കും. പള്ളിപണി തീർന്നാൽ പോകുമോ എന്നു ചോദിക്കുന്നില്ല, പോകണമെന്ന് അവനറിയാം.

പിപ്പിന്റെ കൂടു ശരിയായി. അവനെ അങ്ങോട്ടു മാറ്റിപ്പാർപ്പിച്ചു. എന്നാലും, അവൻ കൂടുതൽ സമയവും പിങ്ക്ളാങ്കിയുടെ കൂടെത്തന്നെയാണ്.

രണ്ടു പേരുടെയും കളി കാണുമ്പോൾ, പിങ്ക്ളാങ്കി പറയുന്നതൊക്കെ പിപ്പിനു മനസ്സിലാകുന്നുണ്ടെന്നും ചിലപ്പോൾ അവൻ ചിരിക്കുന്നപോലെയുമൊക്കെ ആശയ്ക്കു തോന്നും.

അശ്വിന്റെ വിവരമറിയാൻ വിശാലിനെ വിളിച്ചെങ്കിലും പുതിയതായി ഒന്നും അറിഞ്ഞില്ല. എന്നാലും കൂട്ടുകാർ രണ്ടുപേരും പ്രാർത്ഥന തുടർന്നു.

*(തുടരും)*

## ശ്രേഷ്ഠമലയാളം

# കത്രിക്കൽ



ഡോ. ഡേവിസ് സേവ്യർ

ഭാഷാശാസ്ത്രം പരിചയപ്പെടുത്തിയ ഒരു സാങ്കേതികസംജ്ഞയാണ് കത്രിക്കൽ അഥവാ ക്ലിപ്പിങ്. ഛേദനം എന്നും മൊഴിമാറ്റം നടത്താം. "അർഥം മാറാതെ ഘടകപദങ്ങളെ ചുരുക്കിയോ ചെറുതാക്കിയോ പുതിയ പദസൃഷ്ടി നടത്തുന്നതിനെയാണ് ക്ലിപ്പിങ് എന്നു പറയുന്നത്.* മൂലപദത്തിന്റെ അർഥം മാറാതെയാവണം പദഛേദനം നടത്തേണ്ടത് എന്ന വ്യവസ്ഥ പാലിക്കണം.

(ബ്രദർ – ബ്രോ, സിസ്റ്റർ – സിസ്, സഹോദരൻ – സഹോ, സംഘപരിവാർ – സംഘി(സങ്കി) കമ്മ്യൂണിസ്റ്റ് – കമ്മി, കോൺഗ്രസ് – കൊങ്ങി. ഇവിടെയെല്ലാം പദത്തിന്റെ അന്ത്യഭാഗമാണ് ലോപിച്ചുപോകുന്നത്. അന്ത്യ (സ്വന) ലോപം (Apocopation) എന്ന് ഈ പ്രവണതയെ വിശേഷിപ്പിക്കാം. ബാക്ക് ക്ലിപ്പിങ് (Back clipping)എന്നും വ്യവഹരിക്കാറുണ്ട്. തനി മലയാള (ദ്രാവിഡ) പദങ്ങളിലും പദപരപിൻ ലോപം കാണാവുന്നതാണ്. പലക – പല, പൂവ് – പൂ, പായ – പാ, കായ് – കാ, നായ – നാ, അരിശി – അരി, പേയ് – പേ എന്നിങ്ങനെ ചുരുങ്ങുന്നതും ഇതേ നയമനസരിച്ചുതന്നെ. ചുരുങ്ങിയ രൂപങ്ങളെല്ലാം പ്രകൃത്യംഗമാണ് എന്നൊരു പക്ഷം സി.വി. വാസുദേവഭട്ടതിരിക്കുണ്ട്.** ദീർഘസ്വരത്തിലാണ് അവസാനിക്കുന്നതെങ്കിൽ ആഗമിക്കുകയാണ് ചെയ്യുന്നതെന്ന കേരളപാണിനിയുടെ നിരീക്ഷണത്തിനുള്ള മറുപടിയായാണ് ഭട്ടതിരിക്ക് ഇങ്ങനെ പറയേണ്ടിവന്നത്.

കത്രിക്കൽ അന്ത്യഭാഗത്തു തന്നെയാവണമെന്നില്ല. ഒരു പദത്തിന്റെ മുൻഭാഗം മാത്രം ലോപിക്കുന്ന പദമുൻലോപം (ഫോർക്ലിപ്പിങ്) ഉദാ: കള്ളുകുടിയൻ – കുടിയൻ. മധ്യഭാഗം മാത്രം നിലനിർത്തി മുന്നും പിന്നും ലോപിക്കുന്ന മുൻപിൻ ലോപം (മിഡിൽ ക്ലിപ്പിങ്) ഉദാ: ഇപ്പോൾ – 'പ്പോ' (സംസാരഭാഷയിൽ മാത്രം). ഇവിടെ ഇകാരവും ളകാരവും ലോപിക്കുന്നു. രണ്ടു പദങ്ങൾ ചേർത്ത് പുതിയ പദം ഉണ്ടാക്കുമ്പോൾ പൂർവോത്തരപദങ്ങളിൽനിന്ന് കുറച്ചുഭാഗം നീക്കി പുതിയ പദം ഉണ്ടാക്കുന്ന സങ്കീർണ്ണ ഛേദനം (കോംപ്ലക്സ് ക്ലിപ്പിങ്) ഉദാ: മുഹമ്മദ്കുട്ടി – മമ്മൂട്ടി. എന്നിങ്ങനെ കത്രിക്കൽ പല വിധം സംഭവിക്കുന്നു.

*ബിന്ദു, ഡി. ഡോ. സമാസപഠനം, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2024, പുറം – 126

** വാസുദേവഭട്ടതിരി, സി.വി., കേരളപാണിനീയപാഠങ്ങൾ, ഡി.സി. ബുക്സ്, കോട്ടയം, 1985, പുറം – 26.

നോവൽ 19

സൂസൻ പാലാത്ര

# കാറ്റിന്റെ മർമരങ്ങൾ

“കുഞ്ഞന്നാമ്മോ, എന്ത്യേ, ഇവിടെയുള്ളവരൊക്കെ എവിടെപ്പോയി? നടവാതിലും തുറന്നിട്ടേച്ച്.”

പര്യംപുറത്ത് ഉണക്കാനിട്ടിരുന്ന ഓലമടലു കീറിയതും ചൂട്ടുകറ്റകളും തൊണ്ടും ചിരട്ടയുമെല്ലാം മഴക്കാലത്തേക്ക് സംഭരിക്കുന്ന തിരക്കിലായിരുന്ന കുഞ്ഞന്നാമ്മ നടവാതില്ക്കലെ ആളനക്കം കേട്ടിട്ട് വന്ന് എത്തിനോക്കി.

“എന്റെ പൊന്നേ, ഈ ഉച്ചതിരിഞ്ഞനേരത്ത് ഈ എരിവെയിലിൽക്കിടന്ന് കഷ്ടപ്പെടാതെ വന്നിച്ചിരെ വിശ്രമിച്ചുകൂടേ? പെണ്ണേ നിനക്കീയലച്ചിലും കഷ്ടപ്പാടും പരിചയമായോടീ?”

പാലമറ്റത്തെ അമ്മിണിയാണ്. അമ്മിണിയും കുഞ്ഞന്നാമ്മയും ഒരേ നാട്ടുകാരാണെന്നു മാത്രമല്ല, സ്കൂളിൽ ഒരേ കാലഘട്ടത്തിൽ ഒന്നിച്ചുപഠിച്ചവരുമാണ്, ഇന്നാട്ടിലും ഒരിടവകക്കാരുമാണ്.

“അമ്മിണി ഇവിടെയിരിക്ക്, ഞാൻ കാലും മൊകോം ഒന്നു കഴുകിയേച്ചെളുപ്പമിങ്ങു വരാം.”

കാലുംമുഖവും കഴുകി വന്ന അമ്മ പറഞ്ഞു: “ഒരു മഴക്കോളുണ്ട്, ഉണക്കാനിട്ടിരുന്ന ചൂട്ടും മടലുമൊക്കെ മഴയ്ക്കുമുന്നേ കോതിക്കെട്ടിവക്കുവാരുന്നു. ഇനി കന്നുകാലിക്കൂടുംകൂടെ വെടിപ്പാക്കണം.”

“യ്യോ... എന്നാ കന്നാലിക്കൂട് വെടിപ്പാക്ക്, ഞാനിച്ചിരെ കഴിഞ്ഞേ പോകുന്നൊള്ളൂ, നിന്നോട് ഒരത്യാവശ്യകാര്യം പറയാനുണ്ട്.”

“ങാ, എന്നാൽ ശകലം കാപ്പിയിടട്ടേ, നിനക്കിച്ചിരെ കാപ്പിയിട്ടു തന്നേച്ച് കന്നാലിക്കൂടടിക്കാം, പിന്നെ വന്നിരുന്നേറെ മിണ്ടാമല്ലോ.”

അമ്മ കൊടുത്ത കാപ്പിയും മൊത്തിക്കുടിച്ചുകൊണ്ട് അമ്മിണിയും അമ്മയ്ക്കൊപ്പം പര്യത്തേക്കു നടന്നു.

“വിശേഷം ഒക്കെ പറയാനുണ്ട്, ഞാൻ വന്നതിനൊരു കാരണോം കൂടെയൊണ്ട്, പെരയ്ക്കകത്തിരുന്നോണ്ട് സാവകാശം പറയാം, എന്നാലേ ശരിയാകത്തൊള്ളൂ.”

അമ്മ ധിറുതിവച്ച് പണികളൊതുക്കി, കൈയും കാലും കഴുകിവന്ന് കസേര വലിച്ചിട്ട് അമ്മിണിക്കഭിമുഖമായി ഇരുന്നു.

“ഞാനൊരു കാര്യം, മുഖവുരയും മറയുമില്ലാതെ ചോദിക്കുവാ, നിനക്കിഷ്ടമാണെങ്കിൽ തുറന്നുപറഞ്ഞേക്കണം, ഇഷ്ടമല്ലെങ്കിൽ അതും പറയണം. അങ്ങനെയാണെങ്കിലു മാത്രം നമ്മടെ ആണുങ്ങളെ എടപെടുത്തിയാ മതിയല്ലോ. അതാ അതിയാൻ എന്നെ നിന്റടുത്തേക്ക് ആദ്യം പറഞ്ഞുവിട്ടേ.”

“എന്നാന്നാ കാര്യം പറ, എന്നിട്ടാട്ടേ.”


“അതേ നിനക്കറിയാല്ലോ എന്റെ മൂത്തപെണ്ണ് പേർഷ്യേലാണെന്ന്.”

“അറിയാം.”

“അവക്ക് കല്യാണാലോചന തകൃതിയായി നടക്കുന്നുണ്ട്. എന്നാൽ പെണ്ണ് അമ്പിനും വില്ലിനും അടുക്കുന്നില്ല. നിന്റെ മൂത്തമകൻ റോയിച്ചനെ അവക്കേറെയിഷ്ടമാണ്. അവര് കളരിമൊതലേ ഒന്നിച്ചു പഠിച്ചുവന്നവരല്ലേ.”

“യ്യോ... നിന്റെ മോളു സാലമ്മേ എനിക്കൊത്തിരിയിഷ്ടാ. അവളു മിടുക്കത്തിയല്ലേ, അവളല്ലേ ആ കുടുംബം പച്ചപിടിപ്പിച്ചത്, ഒക്കെ എനിക്കറിയാം. പിന്നെ, ഇപ്പഴത്തെ പിള്ളേരല്ലേ, ഇനി റോയിച്ചൻ ആരെയെങ്കിലും കണ്ടുവച്ചിട്ടുണ്ടോന്നൂടെ അറിയണ്ടേ.”

“അതേയതെ. നമ്മളൊക്കെ പിള്ളേർക്കുവേണ്ടി ജീവിതം മാറ്റിവച്ചോരല്ലേ, പിള്ളേരുടെ ഇഷ്ടമാദ്യം തിരക്കണം, ബേബിച്ചനുമായി ആലോചിച്ചിട്ട് സാവധാനം പറഞ്ഞാമതി. ഒരു തിരക്കുമില്ല. അവക്കവധി കിട്ടണെങ്കി ഇനി അഞ്ചാറു മാസം പിടിക്കും. വീടു രക്ഷപ്പെടുത്തിയതാന്നു പറഞ്ഞ് കെട്ടിക്കാതെ നിർത്താൻ പാടില്ലല്ലോ. അവക്കും ജീവിക്കണ്ടേ, കുടുംബം നോക്കി കല്യാണം നടക്കാതെപോയ എത്രയോ പേരുടെ ചരിത്രങ്ങൾ നമ്മൾ കേട്ടിരിക്കുന്നു. സ്വത്തും പവറുമൊന്നും വേണ്ടാ, നല്ല സൊബാവമുള്ള, കാണാൻ മോശമല്ലാത്ത, കുടുംബമഹിമയുള്ള ഒരു ബന്ധം മാത്രേ നോക്കുന്നൊള്ളൂ. കല്യാണം നടക്കുവാണേൽ എന്റെ മോളോടൊപ്പം പേർഷ്യേല് പോകേം വേണം.”



അമ്മിണി തുടർന്നു: “മഴയക്കു മുമ്പേ ഞാനോട്ടെ, ആലോചിച്ചിട്ടിഷ്ടാണേൽ അപ്പന്മാരു തമ്മിൽ സംസാരിക്കട്ടെ, പിന്നെ പെണ്ണും ചെക്കനും കണ്ട് തീരുമാനമെടുക്കട്ടേ, പരസ്പരം ഇഷ്ടമാണെങ്കില് ജൂണിലൊറപ്പിച്ചിടുകയോ നടത്തുകയോ ചെയ്യാമല്ലോ. നല്ലത് നടത്തിക്കൊടുത്തെന്ന് നമ്മക്കും ആശ്വസിക്കാം.”

“ങാ, എന്തായാലും മേഴ്സിമോടെ കല്യാണം കഴിയണം, അവക്കു ചേർന്ന നല്ലൊരാലോചന വന്നിട്ടുണ്ട്. അവരടെഭാഗത്ത് എടങ്ങേറൊന്നുമില്ലേൽ, നമ്മടെ കൊക്കിനിണങ്ങിയതായകൊണ്ട്, നോയമ്പുവീടുമ്പം അതങ്ങു നടത്തണം.”

“നടക്കട്ടേ, എന്തായാലും ബേബിച്ചനോട് അത്രടം വരെയൊന്നു വരാമ്പറ.” അമ്മിണി മഴയെപ്പേടിച്ച് തിടുക്കത്തിൽ ഒരു ഓട്ടോറിക്ഷയിൽ കയറിപ്പോയി.

രണ്ടു വീട്ടുകാരു തമ്മിൽ ആലോചന തുടങ്ങുന്നതിനു മുമ്പേ കുടുംബത്തിലെ വേണ്ടപ്പെട്ടവരെയൊക്കെ ഒപ്പം കൂട്ടണം. ആദ്യം മേഴ്സീടെ കാര്യം, അതുകഴിഞ്ഞുമതി റോയിച്ചന്റെ ആലോചന. അതാണതിന്റെയൊരു ശരി. അക്കാര്യത്തിൽ അപ്പനുമമ്മയും ഒരേ അഭിപ്രായക്കാരാണ്.

ലിസി ചോദിച്ചു: “ഇച്ചാച്ചൻ ആ പെണ്ണിനെ കണ്ടിട്ടുണ്ടോ, സാലമ്മച്ചേച്ചി എത്ര സുന്ദരിയാണെന്നോ, എനിക്കൊത്തിരിയിഷ്ടമാ ആ ചേച്ചിയേ.”

മേഴ്സി പറഞ്ഞു : “റോയിച്ചായനും സുന്ദരനല്ലേ, റോയിച്ചായന് നന്നായിച്ചേരും.”

ആ ആലോചന വീട്ടിൽ എല്ലാവർക്കും ഇഷ്ടമായി.

അമ്മ എല്ലാവരെയും താക്കീതു ചെയ്തു: “പുറത്താരോടും ഇപ്പം പറയണ്ടാ, അസൂയക്കാര് പ്രശ്നമുണ്ടാക്കും. പെണ്ണിന്റെ കല്യാണത്തിന് വീടൊക്കെ ഇങ്ങനെ മതി. എന്നാൽ, ചെറുക്കന് സ്വന്തമായി ഒരു മുറി വേണം. അത്യാവശ്യം വീടൊന്നു പുതുക്കിപ്പണിയണം.”

“ഒക്കെ നടക്കുമെടീ, കർത്താവായിട്ട് ഓരോ ആലോചന മുന്നിൽ കൊണ്ടുവരുവല്ലേ, ദൈവം നൂലിൽ കെട്ടിയിറക്കിത്തരുമെന്നു പഴമക്കാർ പറയുന്നതിതിനെയാ, എല്ലാം മിശിഹാ തമ്പുരാൻതന്നേ നോക്കിക്കോളും.”

അമ്മയുടെ നടുവത്തെ ആങ്ങള അവറാച്ചായിയും അപ്പന്റെ കൂട്ടത്തിൽ കൊച്ചുകൊച്ചപ്പച്ചനുൾപ്പെടെ ഒമ്പതു പേരു പോയി മേഴ്സിയുടെ കല്യാണം ഉറപ്പിച്ചു.

പണത്തിന് മാർഗം കാണാഞ്ഞിട്ട്, അപ്പൻ ആകെയുള്ള സ്വത്തിൽനിന്ന് മൂന്നിലൊന്നുവിറ്റ് പണംകണ്ടെത്തി. കാരണം, ചെറുക്കന്റെ അമ്മ പറഞ്ഞുപോലും: എന്റെ മോന്റെ കൂടെ ടൗണിലൂടെയൊക്കെ നടക്കുമ്പോൾ നാണംകെടരുത്. അവനഭിമാനിയാ. മാന്യമായരീതിയിൽ സ്വർണ്ണവും പണവും വേണം.

“അതു പിന്നെ ഞങ്ങൾ കൊടുക്കാതിരിക്കുമോ?” കൊച്ചുകൊച്ചപ്പച്ചൻ വാക്കുപറഞ്ഞുപോയി. പിന്നീട് അദ്ദേഹം പരിതപിച്ചു, അപ്പനോടു ക്ഷമ ചോദിച്ചു.

എല്ലാവർക്കും പയ്യനെയും വീട്ടുകാരെയും അത്രമേൽ ഇഷ്ടമായി. വീടും ചുറ്റുപാടും കൊള്ളാം. ഇതു നടന്നുകിട്ടിയാൽ നല്ല ബന്ധമാണ്.

നോയമ്പുവീടണം. പള്ളിയിൽ മൂന്നു വിളിച്ചുചൊല്ലുണ്ട്. എല്ലാം തീരുമാനിച്ചുറപ്പിച്ചു.

വീട്ടിലെ ആദ്യത്തെ വിവാഹമായതിനാൽ അപ്പന്റെയും അമ്മയുടെയും സഹോദരങ്ങൾ ഉദാരമായ സംഭാവനകൾ നല്കി. എന്നിട്ടും സ്ഥലംവിറ്റ പണംമുഴുവൻ ചെലവഴിക്കേണ്ടിവന്നു. വീടിനിട്ടും കുറച്ചു പണിവന്നു. ഓടും പട്ടികയുമൊക്കെ മാറ്റിയിട്ടു. കുളിമുറിയും ടോയ്‌ലറ്റും പണിതു. വീട് പെയിന്റു ചെയ്തു.

കല്യാണം കെങ്കേമമാക്കി. സ്വർണ്ണവും പുതുവസ്ത്രങ്ങളുമൊക്കെയായപ്പോൾ മേഴ്സിയ്ക്ക് ഒരു പുതിയരൂപവും ഭാവവും കൈവന്നു. മുഖത്ത് പ്രത്യേക ഒരു ചൈതന്യം. കഴുത്തിലെയും കൈയിലെയും മഞ്ഞലോഹത്തിന് മനുഷ്യനെ എങ്ങനെ മാറ്റാൻ കഴിയുമെന്ന് ലിസി വിസ്മയംകൂറി.

ചെറുക്കനെ അണിയിക്കുന്ന മാലയും മേഴ്സിയുടെ സ്വർണ്ണാഭരണങ്ങളും കല്യാണവസ്ത്രങ്ങളും കാണാൻ അയൽക്കാരും ബന്ധുക്കളുമായ സ്ത്രീകൾ ഇടയ്ക്കിടെ വന്നുകൊണ്ടിരുന്നു. അവർക്കൊക്കെ ലിസിയും സുമയും കാപ്പി നല്കി സൽക്കരിച്ചു.

സുമയും സന്തോഷവതിയായി. കാതിൽ മഴത്തുള്ളിക്കമ്മലും കഴുത്തിലിടാൻ ഒരു ചെറിയ കുരിശുമാലയും അവൾക്കും കിട്ടി.

ചെറുക്കൻവീട്ടുകാർ ആവശ്യപ്പെട്ട സ്വർണവും സ്ത്രീധനവും കൊടുത്ത്, നാട്ടുകാർക്കും ബന്ധുക്കൾക്കും കെങ്കേമമായ സദ്യയും ഒരുക്കിയതിൽ അപ്പൻ അഭിമാനംപൂണ്ടു.

മേഴ്സി മൊത്തത്തിലങ്ങു മാറി. മേഴ്സിയും ഭർത്താവ് ജോയിയും വീട്ടിലെ അധികാരമുള്ള അംഗങ്ങളായി. എല്ലാകാര്യത്തിലും കേറിയങ്ങിടപെട്ടു.

റോയിച്ചൻ പുതിയ കമ്പനിയിൽ പെർമനന്റായിട്ടില്ല. ജോയിൻ ചെയ്തിട്ട് മൂന്നുമാസമേ ആയിട്ടുള്ളൂ. പ്രബേഷൻ പീരിയഡ് ആയതിനാൽ റോയിച്ചായന് കമ്പനി ലീവ് അനുവദിച്ചില്ല. എങ്കിലും പറ്റുന്ന സാമ്പത്തികം നല്കി അപ്പനെ തുണച്ചു.

സ്ഥലം വിറ്റുകിട്ടിയ തുകയിൽ പാതി ലിസിക്കുവേണ്ടി മാറ്റണം എന്ന് അമ്മ വാശിപിടിച്ച് ബാങ്കിൽ ഇടുവിച്ചുതാണ്. എന്നാൽ, മേഴ്സിയുടെ അമ്മായിയമ്മയുടെ അതിസാമർഥ്യംകൊണ്ട് ആ പണവും അപ്പൻ പിന്നീട് എടുത്തുകൊടുത്തു, അവർക്കു സ്ഥലം വാങ്ങാൻ അഡ്വാൻസു കൊടുക്കുന്നതിന്.

അമ്മയതിൽ അത്യന്തം ദുഃഖിച്ചു. എന്റെ ലിസിമോളും മേഴ്സിയും ഒറ്റവയസ്സിനിളപ്പമാണ്. മേഴ്സിയെക്കാൾ മുന്നേ കല്യാണം വന്നത് ലിസിക്കാണ്. എന്നിട്ട് ഒന്നും അതിനുവേണ്ടി കരുതാനായില്ലല്ലേന്നു പരിതപിച്ചു.

“എടീ ഇത്രയും ഡീസന്റായി മൂത്തവളെ ഇറക്കിവിടുമെന്നു നമ്മൾ സ്വപ്നം കണ്ടിട്ടുണ്ടോ? അതുപോലെ ലിസിമോക്കും നടക്കും. നമ്മുടെ ബന്ധുക്കളു സ്നേഹമുള്ളവരാണ്.”

“ഒന്നു മിണ്ടായിരി ഇച്ചാച്ചാ, ആദ്യത്തെ കല്യാണത്തിന് എല്ലാരും തരും, പിന്നെയൊക്കെ ഒരു കണക്കാ.”

ഇച്ചാച്ചനും അമ്മയും പരസ്പരം കണക്കുപറഞ്ഞും പഴിചാരിയും സങ്കടം പറയുകയും ഇടയ്ക്കിടെ പിണങ്ങുകയും ചെയ്തു.

ലിസി പറഞ്ഞു: “മിണ്ടാതിരി, അതുമിതും പറഞ്ഞ് വെറുതെ അലോഹ്യമുണ്ടാക്കാതെ.”

“അതുമോളേ, ഇച്ചാച്ചൻ ദേ ആ പഴയ ‘കുടിക്കൂട്ടു’ തുടങ്ങീട്ടൊണ്ട്, പണവും ആരോഗ്യവും പോകും. എന്നും വെളുക്കാറാകുമ്പം ചൊമയും വലിവുമാ.”

ആരും കേൾക്കാനില്ലാഞ്ഞിട്ടും അമ്മ പതം പറഞ്ഞ് സങ്കടപ്പെടുകയാണ്.

ലിസി കിണറ്റിൽനിന്ന് വെള്ളം കോരി ചുമന്ന് പര്യംപുറത്ത് കുളിമുറിയിലും ടോയ്‌ലറ്റിലും നിറച്ചു, ആരെങ്കിലും ഒന്നോടിപ്പോയാൽ തുള്ളി വെള്ളമില്ല.

*ശേഷം 14-ാം പേജിൽ*

# ഒഴിവാക്കേണ്ട വിമാനാപകടങ്ങൾ

നേർമൊഴി



ഫാ. മാത്യു ചന്ദ്രൻകുന്നേൽ



കാൽനൂറ്റാണ്ടു മുമ്പുവരെ വിമാനയാത്ര വലിയ ആർഭാടമായിരുന്നു. ഉയർന്ന സ്ഥാനങ്ങളിലുള്ളവരും അതിസമ്പന്നരുമൊക്കെയായിരുന്നു വിമാനത്തിൽ സഞ്ചരിച്ചിരുന്നത്. ഇന്ന് വിമാനം സാധാരണക്കാരന്റെ യാത്രാമാർഗമായി മാറിയിരിക്കുന്നു. പഠനത്തിനും ജോലിക്കും ബിസിനസ് ആവശ്യങ്ങൾക്കും ഉല്ലാസത്തിനുമായി വിവിധ ദേശങ്ങളിലേക്ക് ആളുകൾ പറക്കുന്നു. വിദേശത്തുള്ള മാതാപിതാക്കളോടു ചേരാൻ വിമാനയാത്ര നടത്തുന്ന കുട്ടികളുടെയും കുട്ടികളെ പരിചരിക്കാൻ അന്യനാടുകളിലേക്കു പോകേണ്ടി വരുന്ന വല്യപ്പന്മാരുടെയും വല്യമ്മച്ചിമാരുടെയും സംഖ്യ അനുദിനം വർധിച്ചുവരികയാണ്. പ്രവാസത്തിന്റെ ഇക്കാലത്ത് വിമാനയാത്ര ഒഴിവാക്കാനാവാത്ത കാര്യമത്രേ.

ആകാശയാത്ര താരതമ്യേന അപകടരഹിതവും സമയനഷ്ടം കുറഞ്ഞതും സുഖപ്രദവും അതുകൊണ്ടുതന്നെ ആഹ്ലാദകരവുമാണ്. വിമാനസർവീസുകളുടെ എണ്ണം വർധിച്ചതും സാമൂഹിക സമ്പർക്കമാധ്യമങ്ങളുടെ ഉപയോഗം വ്യാപിച്ചതും ലോകത്തെ ചെറിയ ഗ്രാമമാക്കി മാറ്റുന്നതിൽ വലിയ പങ്കുവഹിച്ചുവെന്ന കാര്യത്തിൽ തർക്കമില്ല. ഒരു ദിവസം ഒരുലക്ഷത്തിമൂവായിരത്തിലധികം വിമാനങ്ങൾ സർവീസു നടത്തുന്നവെന്നാണ് വ്യക്തമാക്കുന്നത്. ഇതുമുഴുവൻ യാത്രാവിമാനങ്ങൾ ആയിക്കൊള്ളണമെന്നില്ല. സൈനികവിഭാഗങ്ങളുടെ വിമാനങ്ങളും സ്വകാര്യ വ്യക്തികളുടെ വിമാനങ്ങളും ഫ്ളയിങ് ക്ലബുകളുടെ വിമാനങ്ങളും ഈ കണക്കിൽപ്പെടുന്നു. ഒരു കോടിയിലധികം ആളുകളാണ് ഒരു ദിവസം വിമാനയാത്ര നടത്തുക. മൂവായിരത്തഞ്ഞൂറോളം വിമാന സർവീസുകളാണ് ഇന്ത്യയിൽ ഒരു ദിവസം ഉണ്ടാവുക. എന്നാൽ, അമേരിക്കയിൽ അത് പ്രതിദിനം 45000 ത്തിലധികമാണ്. സംസ്ഥാനങ്ങൾ തമ്മിലുള്ള അകലവും സാമ്പത്തികസമൃദ്ധിയും അതിനു കാരണങ്ങളാണ്.

'സീറോ എറർ' അപകടസാധ്യതയാണ് വിമാനയാത്രയ്ക്കു പറയുന്നതെങ്കിലും അപ്രതീക്ഷിതമായ ദുരന്തങ്ങൾ സംഭവിക്കാറുണ്ട്. അത്തരം അപകടങ്ങളിലധികവും സംഭവിക്കുന്നത് സാമ്പത്തികശേഷി കുറഞ്ഞ രാജ്യങ്ങളിലാണ്. കാലപ്പഴക്കം ചെന്ന വിമാനങ്ങൾ, ആവശ്യത്തിന് അറ്റകുറ്റപ്പണികൾ ചെയ്യാത്ത വിമാനങ്ങൾ, മുന്നറിയിപ്പുകളെ അവഗണിച്ചു പറക്കുന്ന വിമാനങ്ങൾ, പ്രതികൂലകാലാവസ്ഥ, പൈലറ്റുമാരുടെ അശ്രദ്ധയോ പരിചയക്കുറവോ, പക്ഷികൾ ഇടിച്ചുണ്ടാകുന്ന അപകടങ്ങൾ, ഭീകരാക്രമണവുമായി ബന്ധപ്പെട്ട അട്ടിമറികൾ എന്നിങ്ങനെ ഏതെങ്കിലും നിർഭാഗ്യകരമായ സാഹചര്യങ്ങളാണ് ആകാശയാത്ര അപകടകരമാക്കുന്നത്. അപകടം സംഭവിച്ചാൽ അത് വൻദുരന്തമായി മാറുന്നു. അതിജീവനസാധ്യത തീരെക്കുറവാണ്. എന്നാൽ, കഴിഞ്ഞ ദിവസം സംഭവിച്ച അഹമ്മദാബാദ് ദുരന്തത്തിൽ ഒരാൾ അദ്ഭുതകരമായി രക്ഷപ്പെട്ടിരുന്നു. എമർജൻസി എക്സിറ്റിനു തൊട്ടടുത്ത സീറ്റിലിരുന്നയാൾ വിമാനം നിലംപൊത്തുന്നതിനു തൊട്ടുമുമ്പ് പുറത്തേക്ക് എടുത്തുചാടിയെന്നാണ് പ്രാഥമികറിപ്പോർട്ട്.

വിമാനം താഴേക്കു പതിച്ചാൽ, അത് ഏത് ഉയരത്തിൽ നിന്നായാലും, അഗ്നിഗോളമായിത്തീരുക സ്വാഭാവികമാണ്. ജ്വലനശേഷി കൂടുതലുള്ള ഇന്ധനമാണ് വിമാനത്തിലുപയോഗിക്കുന്നത്. അഹമ്മദബാദ് ദുരന്തത്തിനിടയായ വിമാനത്തിൽ ഒരുലക്ഷത്തിലധികം ലിറ്റർ ഇന്ധനമുണ്ടായിരുന്നു. പറന്നുയർന്ന സമയത്തുതന്നെ അപകടമുണ്ടായതിനാൽ ആ ഇന്ധനം മുഴുവൻ കത്തി വലിയ അഗ്നിഗോളങ്ങളുണ്ടായി. എ 380 പോലുള്ള വലിയ എയർ ബസുകളിൽ 3,20,000 ലിറ്റർ ഇന്ധനമുണ്ടാകും. ഇടത്താവളങ്ങളിൽ ഇറങ്ങാതെ ദീർഘദൂരം സഞ്ചരിക്കുന്നതിനുള്ള ഇന്ധനശേഖരമാണ് അത്തരം വിമാനങ്ങളിലുള്ളത്. വിമാനം അടിയന്തരമായി ഇറക്കേണ്ട സാഹചര്യമുണ്ടാകുമ്പോൾ ഇന്ധനത്തിന്റെ അളവു കുറയ്ക്കാൻ ആകാശത്തു ചുറ്റിക്കറങ്ങുന്നത് വാർത്തയാകാറുണ്ടല്ലോ.

ആവശ്യകമായ എല്ലാ സുരക്ഷാപരിശോധനകൾക്കും ശേഷമാണ് യാത്രക്കാരെ വിമാനത്തിൽ പ്രവേശിപ്പിക്കുക. എന്നാൽ, വേണ്ടത്ര പരിശോധന വിമാനങ്ങളുടെ ഗുണനിലവാരത്തെക്കുറിച്ചുണ്ടോ എന്നു സംശയിക്കേണ്ട സാഹചര്യങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. പറന്നുയരുന്ന ഉടനെതന്നെ തിരിച്ചിറക്കേണ്ടി വരുന്നത് യന്ത്രത്തകരാറുകൾ മൂലമാണെന്നു വാർത്തകൾ പ്രത്യക്ഷപ്പെടുന്നു. സുരക്ഷാപരിശോധനയുടെ പോരായ്മയിലേക്കാണ് അതു വിരൽ ചൂണ്ടുന്നത്.

അപകടത്തിൽപ്പെട്ട എയർ ഇന്ത്യ വിമാനത്തെക്കുറിച്ചു നേരത്തെയും പരാതികൾ ഉണ്ടായിട്ടുള്ളതാണ്. പൊതുവെ വിമാനക്കമ്പനികളെക്കുറിച്ചുള്ള പരാതി യാത്രക്കാരെ കൊള്ളയടിക്കുന്നവെന്നാണ്. വിമാനസർവീസ് ഒരു ബിസിനസ്സാണെന്നു സമ്മതിക്കാമെങ്കിലും അതിനെ ചൂഷണത്തിനുള്ള ഉപാധിയായി അംഗീകരിക്കാൻ ബുദ്ധിമുട്ടാണ്. തിരക്കുള്ള സമയങ്ങളിൽ എത്രയോ ഇരട്ടിതുകയാണ് ഈടാക്കുക. ലാഭം വർധിപ്പിക്കാൻ സൗകര്യങ്ങൾ കുറയ്ക്കുന്ന വിമാനക്കമ്പനികളുമുണ്ട്. സുരക്ഷയാണ് പ്രധാനം. ■

# മാനവികതയെ സ്നേഹിച്ച മഹാകവി

## മഹാകവി പാലാ നാരായണൻനായർ അന്തരിച്ചിട്ട് ജൂൺ 11 ന് 17 വർഷം



സുമ ബി. നായർ

മലയാളത്തിന്റെ പ്രകൃതിഭംഗിയും സാംസ്കാരികഗരിമയും ഭാരതീയപൈതൃകത്തിലുള്ള അഭിമാനവും രാജ്യസ്നേഹവുമെല്ലാം പ്രൗഢമലയാളഭാഷയിൽ തന്റെ കൃതികളിൽ സന്നിവേശിപ്പിച്ച മഹാകവിയായിരുന്നു പാലാ.

ഉള്ളൂരിന്റെയും വള്ളത്തോളിന്റെയും സാമീപ്യസമ്പർക്കങ്ങളിലൂടെ ലഭിച്ച സംസ്കൃതിയാണ് മഹാകവിയുടെ കാവ്യപൈതൃകം. പ്രപഞ്ചത്തോടും അതിലെ ആദിമബിംബങ്ങളോടും ദ്രാവിഡപ്പഴമ, കേരളീയത, ദേശീയത, സ്വാതന്ത്ര്യബോധം, മാനുഷികത തുടങ്ങിയ വിഷയങ്ങളോടുമുള്ള പ്രതിജ്ഞാബദ്ധത മഹാകവിയുടെ 5000 ത്തോളം വരുന്ന കവിതകളിൽ നിറഞ്ഞുനിൽക്കുന്നു.

കേരളത്തിന്റെ നന്മ, പ്രകൃതിക്കപ്പുറം സ്വച്ഛന്ദമായ ജീവിതക്രമമായാണ് കവി കാണുന്നത്. ഗ്രാമനന്മയുടെ ആർദ്രതയും ഉത്സവത്തിന്റെ ഉണർവുകളും ധാർമികതയുടെ വർത്തമാനങ്ങളുംകൊണ്ട് നിറഞ്ഞ കേരളമാണ് കവിയുടെ ലോകം. ഒരർഥത്തിൽ തന്റെ കവിതകളിലൂടെ കേരളീയന്റെ ജീവിതത്തിലേക്കുള്ള നടപ്പാത തുറന്നിടുകയാണ് മഹാകവി.

ഭാഷ നമ്മുടെ അസ്തിത്വമാണ്. മലയാളഭാഷ നൂറ്റാണ്ടുകൾകൊണ്ട് തോറ്റിയുണർത്തിയ മഹാജ്ഞാനികളെ, കവിവരരെ സ്മരിക്കുന്നതോടൊപ്പം മലയാളിയിൽ ഒളിഞ്ഞുകിടക്കുന്ന പാരമ്പര്യത്തെ ഉദ്ദീപിപ്പിക്കുകയുമാണ് മഹാകവി.

'കേരളം വളരുന്നു' എന്ന കാവ്യപരമ്പരയിൽ ഈ സമഗ്രത നമുക്കു ദർശിക്കാനാവും. എട്ടു വാല്യങ്ങളോടെ 1953 ൽ പുറത്തിറങ്ങിയ ഉദാത്തവും പ്രശസ്തവുമായ ഈ കൃതിയിലൂടെ പാലാ നാരായണൻനായർ മഹാകവിയായി അറിയപ്പെട്ടു. ഈ നൂറ്റാണ്ടിന്റെ പുരാവൃത്തം എന്നു പറയാവുന്ന ഒരു കാവ്യം എന്നാണ് ഡോ. എസ്. ഗുപ്തൻനായർ ഈ കൃതിയെ വിശേഷിപ്പിച്ചത്.

കലാമണ്ഡലത്തിന്റെ ശില്പിയായ വള്ളത്തോളിനെ 'കലാപൂജ'യിലും, വാല്മീകിയും വ്യാസനും ഭാഷയ്ക്കു നൽകിയ സംഭാവനകളെ 'കവിമാതി'ലും കൊച്ചുണ്ണിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ, വെണ്മണിക്കവികൾ തുടങ്ങി മണിപ്രാവാളത്തിന്റെ മധുരമൊഴി കേൾപ്പിച്ച സാംസ്കാരികപൈതൃകത്തെ 'കൊടുങ്ങല്ലൂർ കളരി'യിലും കവി അനുസ്മരിക്കുന്നുണ്ട്.

ഭാഷയുടെ വളർച്ചയിൽ തുഞ്ചനും കുഞ്ചനും ചെയ്ത പരിശ്രമങ്ങളെ മഹാകവി മുക്തകണ്ഠം പ്രശംസിക്കുന്നു.

*"എന്നിലേക്കാവേശിച്ചു നേദിച്ച വരമൊഴി*
*നിന്നുകത്തുകയല്ലോ*
*സ്നേഹധാരയിലൂടെ"*
*എന്ന കവിത ശ്രദ്ധേയം.*

*പൂർണമനുഷ്യനെക്കുറിച്ചുള്ള കവിയുടെ സങ്കല്പം 'മനുഷ്യമൃഗങ്ങൾ' എന്ന കവിതയിൽ ആവിഷ്കരിച്ചിട്ടുണ്ട്:*

*"മാനസം വികസിച്ചു തേന്മണം പരന്നാലേ*
*മാനവൻ നേടൂ പൂർണസുകൃതം*
*സുഖാമൃതം*

സ്നേഹത്തിന്റെ ശുദ്ധസംഗീതം പാലാക്കവിതകളിലുടനീളം കാണാം.



ശൈശവം, കൗമാരം, യൗവനം, വാർദ്ധക്യം എന്നീ ജീവിതഘട്ടങ്ങളിലൂടെ കടഞ്ഞെടുത്ത ജീവാമൃതം കാലത്തിന്റെ കൈകളിൽ അർപ്പിക്കാൻ മനസ്സാ വാചാ കർമണാ സന്നദ്ധനായൊരു മഹാകവിയെ കൈരളിയെങ്ങനെ മറക്കാനാണ്! അറിവിന്റെ പക്വതയിൽ എല്ലാറ്റിനോടുമുള്ള വിനയം ഉള്ളിലൊതുക്കി മഹാകവിയേകുന്ന നമോവാകം സാർഥകമായ ഒരു കാവ്യജീവിതത്തിന്റെ തിരുശ്ശേഷിപ്പാണ്.

*ഒൻപതു ദശാബ്ദങ്ങൾ താണ്ടിനേ,*
*നായുസ്സിന്റെ*
*വെൺപകലൊടുങ്ങുവാനേറെ*
*യില്ലിനിനേരം*
*അർക്കനാഴിയിലേക്കു ചായുന്നു,*
*ചിതകൂട്ടി*
*വയ്ക്കുന്നു സായംസന്ധ്യ,*
*യാത്ര ഞാൻ തുടരുന്നു*
*ഏകനായ് പുറപ്പെട്ടോനെനിക്കീയപാരത,*
*പൂകുവാൻ ഭയമില്ല,*
*യാത്ര ഞാൻ തുടരുന്നു*
*പേടിയില്ലെനിക്കൊട്ടു-*
*മാത്മനിർവാണത്തിന്റെ*
*നീഡമാണല്ലോ ലക്ഷ്യം*
*യാത്ര ഞാൻ തുടരട്ടെ*
*ഭൂതഭാവികൾകണ്ടു ജാതകം കുറിക്കുന്ന*
*ജാതവേദസ്സേ, നിനക്കോതുന്നേൻ,*
*നമോവാകം!*

നേർത്ത നൊമ്പരത്തോടെയേ ആ നമോവാകം സ്വീകരിക്കാൻ കഴിയൂ. ■

# സമാധാനം തേടുന്ന വർത്തമാനകാല നിലവിളികൾ

5-ാം പേജ് തുടർച്ച





ഇറാന്റെ പ്രധാന പിന്തുണക്കാരൻ വകതിരിവില്ലാത്ത ഉത്തരകൊറിയൻ ഭരണാധികാരിയാണെന്നത് അപകടകരമാണ്. മറ്റു പല യുദ്ധങ്ങളിൽനിന്നും വിഭിന്നമായി ലോകത്തിന്റെ സാമ്പത്തികനട്ടെല്ലൊടിക്കുന്നതാവും ഈ യുദ്ധം. ഇറാന്റെ മുഖ്യ സാമ്പത്തിക ഉറവിടമായ എണ്ണപ്പാടങ്ങളെയാണ് ഇസ്രായേൽ ലക്ഷ്യം വയ്ക്കുന്നത്. ലോകത്തിലെ ഏറ്റവും വലിയ പ്രകൃതിവാതകശേഖരങ്ങളിൽ ഒന്നായ സൗത്ത് പാർസിന്മേൽ ഉണ്ടായ ആക്രമണത്തിന്റെ പരിണതഫലം ലോകം അറിയാൻ പോകുന്നതേയുള്ളൂ. ഇറാന്റെ ആഭ്യന്തര ഇന്ധനോത്പാദനത്തിന്റെ മൂന്നിൽ രണ്ടു ഭാഗവും സൗത്ത് പാർസിൽനിന്നാണ്. സംഘർഷം തുടങ്ങി അഞ്ചുദിവസമായപ്പോഴേക്കും ക്രൂഡോയിൽ വിലവർധന 12 ശതമാനത്തോളമായി. ഇത് രാജ്യാന്തരതലത്തിൽ എണ്ണക്ഷാമത്തിനും വിലവർധനയ്ക്കും കാരണമാകും.

സംഘർഷം മൂർച്ഛിച്ചാൽ ഇറാൻ ഹോർമൂസ് കടലിടുക്ക് അടച്ചേക്കാം എന്നത് മറ്റൊരു വെല്ലുവിളിയാണ്. ആഗോള എണ്ണക്കടത്തിന്റെ 21 ശതമാനവും കടന്നുപോകുന്നത് ഇതിലൂടെയാണ്. ഹോർമൂസ് കടലിടുക്കടച്ചാൽ എണ്ണക്കപ്പലുകൾ മറ്റു പാതകൾ തേടേണ്ടിവരുന്നത് എണ്ണവില ബാരലിന് 100 ഡോളറിനു മുകളിലെത്തിക്കും. എണ്ണ വിലവർധന നിത്യോപയോഗ സാധനങ്ങളിലടക്കം ശക്തമായി പ്രതിഫലിക്കുകയും രാജ്യങ്ങളുടെ പണപ്പെരുപ്പനിരക്കിനെ ബാധിക്കുകയും ചെയ്യും.

യുദ്ധത്തെത്തുടർന്ന് ഗൾഫ് സമുദ്രമേഖലകളിൽ ജിപിഎസ് സേവനം മുടങ്ങുന്നത് മറ്റൊരു പ്രതിസന്ധിയാണ്. ഇതോടെ ചരക്കുകപ്പലുകളുടെയടക്കം യാത്ര പാതിവഴിയിൽ മുടങ്ങുന്ന സ്ഥിതിയായി.

മിസൈൽ ആക്രമണങ്ങൾ തുടരുന്ന സാഹചര്യത്തിൽ ഇരുരാജ്യങ്ങളും ജാമറുകളുടെ സഹായത്തോടെ ജിപിഎസ് ലഭ്യത തടയും.

ജിപിഎസ് ഉപകരണങ്ങൾ പ്രവർത്തിച്ചില്ലെങ്കിൽ കടലിൽ കൃത്യമായി സ്ഥാനനിർണയം നടത്താനോ കരയിലെ കൺട്രോൾ സ്റ്റേഷനുകൾക്കു കപ്പലുകളുടെ സ്ഥാനനിർണയം നടത്താനോ സാധിക്കാതെ വരുന്നത് വലിയ അപകടങ്ങൾക്കു കാരണമാവും.

ഗൾഫ്മേഖലയിൽനിന്നുള്ള അനേകം ചരക്കുകപ്പലുകളുടെ യാത്ര ഇതിനോടകം മുടങ്ങിയതായാണ് വിവരം. വിവിധ കപ്പലുകൾ സുരക്ഷിത തുറമുഖങ്ങളിലേക്കു തിരിച്ചുവിടുന്നതും നങ്കൂരമിട്ടു കിടക്കുന്നതും ഷിപ്പിങ് ചെലവ് കൂട്ടുകയും അനിയന്ത്രിതമായ വിലവർധനയ്ക്കും കാരണമാവുകയും ചെയ്യും.

**ഇന്ത്യയ്ക്കുണ്ടാവുന്ന ദോഷങ്ങൾ**

ഇസ്രായേൽ, ഇറാൻ എന്നീ രണ്ടു രാജ്യങ്ങളുമായി ഇന്ത്യയ്ക്ക് മികച്ച വ്യാപാരബന്ധമാണുള്ളത്. ഇരുരാജ്യങ്ങളിലെയും തുറമുഖങ്ങളടക്കം പലതിന്റെയും നിർമ്മാണവും നിയന്ത്രണങ്ങളും ഇന്ത്യൻ കമ്പനികളാണ് നടത്തുന്നത്.

ഇന്ത്യയുടെ പണപ്പെരുപ്പ നിരക്ക് വികസിതരാജ്യങ്ങളിലേതിനു സമാനമാംവിധം മൂന്നു ശതമാനത്തിനു താഴെ വന്ന ആകർഷകമായ നിലയിലൂടെയാണ് ഇപ്പോൾ കടന്നുപോകുന്നത്. പക്ഷേ, ഇന്ധനവില വർദ്ധന പണപ്പെരുപ്പത്തെ പ്രതികൂലമായി ബാധിച്ചേക്കാം. എണ്ണവിലക്കുറവായിരുന്നു പണപ്പെരുപ്പം നിയന്ത്രിക്കുന്നതിനു നമ്മെ സഹായിച്ച ഘടകം.

ഇന്ത്യയുടെ എണ്ണ ആവശ്യകതയുടെ 85 ശതമാനം വിവിധ ലോകരാജ്യങ്ങളിൽനിന്നാണ് ഇറക്കുമതി ചെയ്യുന്നത്. ഇറാനിൽനിന്നു വലിയ ഇറക്കുമതിയില്ലെങ്കിലും ഇന്ധനവില കുതിക്കുന്നത് തിരിച്ചടിയാണ്. ക്രൂഡോയിൽ ബാരലിന് 10 ഡോളർ വർദ്ധിച്ചാൽ ഇന്ത്യയുടെ സാമ്പത്തികവളർച്ചയിൽ 0.3% ഇടിവുണ്ടാകും.

അതേസമയം ഓഹരിവിപണിയിൽ ഇസ്രായേൽബന്ധമുള്ള ഭൂരിപക്ഷം കമ്പനികളും നേട്ടം കാണിച്ചത് ശുഭദായകമാണ്. ഏഷ്യയിൽ ഇസ്രായേലിന്റെ രണ്ടാമത്തെ വലിയ വ്യാപാരപങ്കാളിയായ ഇന്ത്യയെ ഇസ്രായേലിൽനിന്നുള്ള ഇറക്കുമതി സാധനങ്ങളുടെ വിലവർധന സാരമായി ബാധിച്ചേക്കാം. ഇലക്ട്രിക്കൽ- ഇലക്ട്രോണിക് ഉപകരണങ്ങൾ, ആയുധങ്ങൾ, ഒപ്റ്റിക്കൽ - മെഡിക്കൽ ഉപകരണങ്ങൾ, വളം, ന്യൂക്ലിയർ റിയാക്ടറുകൾ, അലുമിനിയം, വിവിധ രാസ ഉത്പന്നങ്ങൾ, മിഷനറികൾ തുടങ്ങി ഏറെ പ്രധാനപ്പെട്ട സാധനങ്ങളാണ് നാം ഇസ്രായേലിൽനിന്ന് ഇറക്കുമതി ചെയ്യുന്നത്.

അതേസമയം അടച്ചുപൂട്ടികിടന്നിരുന്ന പല പൊതുമേഖലാ ഫാക്ടറികളും ഇന്ത്യ ആയുധനിർമ്മാണശാലകളാക്കി മാറ്റിയതോടെ വൻതോതിൽ ആയുധ കയറ്റുമതിയിലൂടെ വിദേശനാണ്യം സമ്പാദിക്കാം എന്നൊരു നേട്ടം ഇന്ത്യയ്ക്കുണ്ട്. ഇപ്പോൾ ഇസ്രായേലിന് വെടിയുണ്ടകളും ഷെല്ലുകളുമടക്കം കോടിക്കണക്കിന് രൂപയുടെ വെടിക്കോപ്പുകൾ ഇന്ത്യയാണ് നൽകിവരുന്നത് .

ഇറാനുമായും അത്ര മോശമല്ലാത്ത വ്യാപാരബന്ധവും നയതന്ത്രബന്ധവും ഇന്ത്യയ്ക്കുണ്ട്. നയതന്ത്രവിഷയത്തിൽ മിക്ക കാര്യങ്ങളിലും ഇന്ത്യ ഇറാനെ പിണക്കാതിരിക്കുന്ന നയം സ്വീകരിച്ചപ്പോഴും വിവിധ വിഷയങ്ങളിൽ ഇന്ത്യയ്ക്കെതിരേ പാക്കിസ്ഥാനെ സപ്പോർട്ട് ചെയ്യുന്ന നിലപാടാണ് ഇറാന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്.

2025 മാർച്ചിലെ കണക്കുപ്രകാരം ഇറാനിലേക്കുള്ള ഇന്ത്യയുടെ കയറ്റുമതി 130 മില്യൺ ഡോളറും ഇറക്കുമതി 43 മില്യൺ ഡോളറുമാണ്. ഇറാനിൽനിന്നും ഇറക്കുമതി ചെയ്യുന്നവയിൽ ജൈവ - രാസവസ്തുക്കൾ, ധാതുഉൽപന്നങ്ങൾ, എണ്ണകൾ, ഉപ്പ്, കുമ്മായം, സിമന്റ്, പ്ലാസ്റ്റിക്, ഇരുമ്പ്, ഉരുക്ക് തുടങ്ങിയ അവശ്യവസ്തുക്കളുമുണ്ട് എന്നത് വിലവർധനയുടെ കാര്യം വരുമ്പോൾ ഇന്ത്യയ്ക്കു ദോഷം ചെയ്തേക്കാം.

നിരവധി പ്രശ്നങ്ങൾ പറയാമെങ്കിലും മനുഷ്യജീവനോളവും അവന്റെ ആവാസവ്യവസ്ഥയോളവും വരില്ല ഒന്നും. യുദ്ധം രണ്ടു രാജ്യങ്ങൾ തമ്മിലാണെങ്കിലും അതിന്റെ പരിണതഫലം അനുഭവിക്കേണ്ടത് മറ്റു രാജ്യങ്ങൾ കൂടിയാണ്. വർത്തമാനകാലനിലവിളികൾ അവസാനിക്കട്ടെ. പുതിയ സൂര്യോദയങ്ങൾ സമാധാനത്തിന്റേതാവട്ടെ.

■

# തീരദേശജനതയോടുള്ള സർക്കാർ സമീപനം നീതീകരിക്കാനാവാത്തത്: കെആർഎൽസിസി

കൊച്ചി: തീരദേശജനതയോടുള്ള സർക്കാരിന്റെ സമീപനം നീതീകരിക്കാനാകാത്തതും ആശങ്ക ഉളവാക്കുന്നതുമാണെന്ന് കെആർഎൽസിസി. കടലാക്രമണവും തീരശോഷണവും തീരത്താകെ ദുരന്തം വിതയ്ക്കുമ്പോൾ സർക്കാർ നിസ്സംഗതരാവുകയാണ്. മാതൃകാപദ്ധതിയെന്ന നിലയിൽ സർക്കാർ പ്രചരിപ്പിക്കുന്ന ചെല്ലാനം മോഡൽ കടൽഭിത്തി ഭാഗികമായാണ് പൂർത്തീകരിച്ചത്. ഈ ഭാഗത്ത് പുലിമുട്ടുകൾ നിർമ്മിച്ച് മണൽ നിക്ഷേപിച്ച് തീരത്തെ ആഴം കുറയ്ക്കുന്നില്ലെങ്കിൽ കടൽഭിത്തിതന്നെ തകരുന്ന അവസ്ഥയാണ്.

19 കിലോമീറ്ററിൽ 7.26 കിലോമീറ്റർ മാത്രമാണ് ഭാഗികമായി പൂർത്തീകരിച്ചിട്ടുള്ളത്. വൈപ്പിനിലെ ഞാറയ്ക്കൽ, എടവനക്കാട് പ്രദേശങ്ങളിലും ആലപ്പുഴയുടെ തീരങ്ങളിലും കടലാക്രമണം രൂക്ഷമാണ്.

തിരുവനന്തപുരത്തെ മുതലപ്പൊഴി മത്സ്യത്തൊഴിലാളികളുടെ മരണപ്പൊഴിയായി മാറ്റിയിരിക്കുന്നു. മുതലപ്പൊഴിയിലെ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. കേരളത്തോടു ചേർന്ന് ഉണ്ടായിട്ടുള്ള കപ്പലപകടങ്ങൾ ഗുരുതരമായ പാരിസ്ഥിതിക ആഘാതത്തിനും ഗുരുതരമായ വിധത്തിൽ മത്സ്യത്തൊഴിലാളികളുടെ ഉപജീവനനഷ്ടത്തിനും കാരണമായിരിക്കുകയാണ്.

മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്നതിൽ സർക്കാരിന് അലംഭാവമാണ്. തീരദേശത്തോടുള്ള അവഗണന അവസാനിപ്പിച്ച് ഈ ജനതയെ സംരക്ഷിക്കാനുള്ള അടിയന്തരനടപടികൾ സർക്കാർ സ്വീകരിക്കണമെന്ന് കെ.ആർ.എൽ.സി.സി. രാഷ്ട്രീയകാര്യസമിതി കൺവീനർ ജോസഫ് ജൂഡ്, ജനറൽ സെക്രട്ടറി ഡോ. ജിജു ജോർജ് അറക്കത്തറ എന്നിവർ ആവശ്യപ്പെട്ടു.

# ജെ.കെ.വി. പുരസ്കാരങ്ങൾ

ചങ്ങനാശ്ശേരി: സാഹിത്യകാരനും മാധ്യമപ്രവർത്തകനുമായിരുന്ന ജെകെവിയുടെ പേരിലുള്ള ജെ.കെ.വി. സാഹിത്യപുരസ്കാരം 'കേരളത്തിന്റെ രാഷ്ട്രീയചരിത്രം' എന്ന ഗ്രന്ഥം രചിച്ച ആർ.കെ. ബിജുരാജിന് (മാധ്യമം ആഴ്ചപ്പതിപ്പ്). ജെകെവിയുടെ പേരിലുള്ള മാധ്യമപുരസ്കാരം എസ്. വിജയകുമാറിനാണ് (24 ന്യൂസ്). ഒക്ടോബർ ഒന്നിന് പുരസ്കാരങ്ങൾ സമ്മാനിക്കും.



പാലാ സഹൃദയസമിതിയുടെയും മഹാകവി പാലാ സ്മാരക ലൈബ്രറിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ മഹാകവി പാലാ സ്മൃതി സദസ്സ് മീനച്ചിൽ താലൂക്ക് ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ഡോ. സിന്ധുമോൾ ജേക്കബ് ഉദ്ഘാടനം ചെയ്യുന്നു.

# മഹാകവി പാലാ സ്മൃതിസദസ്

പാലാ: സഹൃദയസമിതിയുടെയും മഹാകവി പാലാ സ്മാരക പബ്ലിക് ലൈബ്രറിയുടെയും ആഭിമുഖ്യത്തിൽ നടത്തിയ മഹാകവി പാലാ സ്മൃതിസദസ് മീനച്ചിൽ താലൂക്ക് ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ഡോ. സിന്ധുമോൾ ജേക്കബ് ഉദ്ഘാടനം ചെയ്തു. രവി പുലിയന്നൂർ അധ്യക്ഷത വഹിച്ചു.

സാഹിത്യകാരി ഡി. ശ്രീദേവി പാലാ അനുസ്മരണപ്രഭാഷണം നടത്തി. സുമ ബി. നായർ, വേണുഗോപാൽ ചാമക്കാലായിൽ, പി.എസ്. മധുസൂദനൻ എന്നിവർ പ്രസംഗിച്ചു. തുടർന്നുനടത്തിയ കവിയരങ്ങിൽ രാജു അരീക്കര, ഏഴാച്ചേരി സന്തോഷ്, വേണു കെഴുവംകുളം, ഇ.വി. ജയനാരായണൻ, രാഗേഷ് മോഹൻ കുറിച്ചിത്താനം, പാലാ കെ.ആർ. മണി, ബിനു സുതൻ പാളയം എന്നിവർ പങ്കെടുത്തു.

എല്ലാവിധ ഇംഗ്ലീഷ് – ആയുർവേദ–വെറ്ററിനറി മരുന്നുകൾക്കും വിശ്വസ്തസ്ഥാപനം

# NIRAPPEL MEDICAL STORE

(നിരപ്പേൽ നാരായണൻവൈദ്യനാൽ 1947 ൽ സ്ഥാപിതം)

ന്യൂ മുനിസിപ്പൽ കോംപ്ലക്സ്, വലിയപാലത്തിനു സമീപം

മെയിൻ റോഡ്, **പാലാ** Ph: 7559927020

ആയുർവേദഫിസിഷ്യന്റെ സേവനം ലഭ്യമാണ്

ഡോ. സച്ചിൻ ദിലീപ് നിരപ്പേൽ BAMS (ഫിസിഷ്യൻ)

എല്ലാവിധ ഇൻസുലിനും 15 % മുതൽ 20% വരെ വിലക്കുറവിൽ ലഭിക്കുന്നു

വിപണിയിൽ പ്രചാരമേറുന്നു...: ബീനാ ഹെയർ ടോണിക്

# കൊട്ടത്തിൽ ആയുർവേദ ഹോസ്പിറ്റൽ



**ചപ്പാത്ത്, അയർക്കുന്നം** കോട്ടയം

Phone: 0481-2545588, 9447054461

E-mail : mail@kottathilayurveda.com

Website: www.kottathilayurveda.com

- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ–റെക്റ്റൽ രോഗങ്ങൾ)
- ത്വക്‌രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

# ST. MARY'S ENGINEERING INSTITUTE

Recognised Under DTE, Govt. of Kerala

KRISHNA, EDAMATTOM ROAD, MURIKKUMPUZHA, PALA-686575, KOTTAYAM DT.

ESTD: 1963

## 2025 – 26 അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

കേരള ഗവ. റഗുലർ/ഈവനിംഗ് എൻജിനീയറിംഗ് കോഴ്സുകൾ

1. Civil Engineering With Surveying & Autocad
2. Mechanical Engineering
3. Electrical Engineering With Wireman License
4. Automobile Engineering
5. Refrigeration & Airconditioning Engineering
6. Electronics & Communication Engineering
7. Computer Engineering

**കോഴ്സ് നിബന്ധനകൾ**

1. എസ്.എസ്.എൽ.സി. ജയിച്ചതോ, പ്ലസ്ടു (ജയിച്ചതോ/തോറ്റതോ)വിദ്യാർത്ഥിനീ-വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ഈവനിംഗ്/ മോർണിംഗ് ക്ലാസുകളുടെ കാലാവധി 2 വർഷമാണ്. ഈവനിംഗ് ക്ലാസുകൾക്ക് പ്രവേശനത്തിന് പ്രായപരിധിയില്ല.
2. ഈവനിംഗ് കോഴ്സുകളുടെ സമയം എല്ലാ പ്രവൃത്തിദിവസങ്ങളിലും വൈകിട്ട് 5.30 മുതൽ രാത്രി 9.30 വരെയായിരിക്കും.
3. ഇന്റർനാഷണൽ കമ്പനികളുടെ ക്യാമ്പസ് ഇന്റർവ്യൂ സെലക്ഷൻ.
4. സർക്കാർ/ അർദ്ധസർക്കാർ/ഗവൺമെന്റ് അംഗീകൃതസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്ന അറ്റൻഡർ, പ്യൂൺ, ലാബ് അസിസ്റ്റന്റ് തുടങ്ങി എല്ലാ 4-ാം ഗ്രേഡ് ജീവനക്കാർക്കും അതത് സ്ഥാപനത്തിന്റെ മേധാവി അനുവദിക്കുന്ന എൻ.ഒ.സി., പ്രവൃത്തിപരിചയസർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിലാണ് സായാഹ്നക്ലാസിൽ പ്രവേശനം നൽകുന്നത്.
5. പി.എസ്.സി. നടത്തുന്ന പരീക്ഷകൾക്കും എംപ്ലോയ്മെന്റ് വഴിയുള്ള നിയമനങ്ങൾക്കും വിദേശജോലികൾക്കും സ്വയംതൊഴിൽ നേടുന്നതിനും ഈ കോഴ്സ് പ്രയോജനപ്പെടുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് പാലാ - ഇടമറ്റം റോഡിൽ മുരിക്കുംപുഴയിൽ പ്രവർത്തിക്കുന്ന സെന്റ് മേരീസ് എൻജിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടുമായി നേരിട്ടോ താഴെ പറയുന്ന ഫോൺനമ്പരിലോ ബന്ധപ്പെടുക.

എല്ലാ കോഴ്സുകളിലും പി.എസ്.സി. മുഖേന ജോലി ലഭിക്കുന്നു

*K. UNNIKRISHNAN NAIR*
*CHAIRMAN*
*PH: 9447809605, 04822-212795*

*S. SREEKUMARY M.Sc.*
*PRINCIPAL*
*PH: 9447869882*

# തമ്പാൻസ് മേവട മെഡിക്കൽ സെന്റർ

Estd: 1925

**പി.ഒ. മേവട, കോട്ടയം – 686 573**

**Ph: 04822 - 269155, Mob: 9400869155** (വൈദ്യശാല)

- ദിവംഗതനായ വൈദ്യകലാനിധി മേവടത്തമ്പാന്റെ ദീർഘദർശനവും മാർഗ്ഗദർശിത്വവുംകൊണ്ടു വളർന്ന ഒരു സ്ഥാപനം. ഒരു നൂറ്റാണ്ടിന്റെ സേവനപാരമ്പര്യം.
- ഫലപ്രദമായ നാനാതരം ഔഷധങ്ങൾ നിർമിക്കുന്നു.
- നേഴ്സിംഗ് ഹോമിൽ പിഴിച്ചിൽ, ധാര, നവരക്കിഴി തുടങ്ങിയ മറ്റു സ്നേഹ–സ്വേദ കർമ്മങ്ങളും നിർവഹിക്കുന്നു.

**ഫിസിഷ്യൻസ്**

1. ഡോ. കെ. ഗോപാലകൃഷ്ണൻ BAM, MBBS (Rtd. Civil Surgeon) (എല്ലാ ദിവസവും)
2. ഡോ. കെ. രാജഗോപാൽ B.Sc. B.A.M (എല്ലാ ദിവസവും)
3. ഡോ. ഗായത്രി എസ്. നായർ B.A.M.S (എല്ലാ ദിവസവും)



യശഃശരീരനായ
ശ്രീ തമ്പാൻ വൈദ്യൻ (കെ.കെ. കർത്താ)

90 – ൽപരം വർഷങ്ങളിലൂടെ ആർജ്ജിച്ച വളർച്ചയും വിശ്വസ്തതയും...

# S.S.V. ഫാർമസി

കരിങ്കുന്നം P.O. തൊടുപുഴ

Ph: 04862 - 242287, 9496895411





നവീകരിച്ച വൈദ്യശാല

**എല്ലാവിധ ആയുർവേദചികിത്സകൾക്കും ഔഷധങ്ങൾക്കും വിശ്വസ്തസ്ഥാപനം**

ചീഫ് ഫിസിഷ്യൻ: ഡോ. ജയഘോഷ് BAMS

**പരിശോധനസമയം:** രാവിലെ 9.30 മുതൽ 1 വരെ
ഉച്ചകഴിഞ്ഞ് 3.30 മുതൽ 5.30 വരെ,
ഞായർ അവധി

## ഹോമിയോ ക്ലിനിക്

ഡോ. അനു ജയഘോഷ് BHMS

Deepanalam Weekly

RNI No : 16998/68
Vol. 58 No. 16 Date of Publication 19 June 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)

Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org